13
2021
ഓഗസ്റ്റ്
വെള്ളി
1196
കർക്കിടകം 28


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 137 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-137 പേജ് 4. വില 2.00 രൂപ




02 സഹകരണ ബാങ്കുകളിലെ തട്ടിപ്പ് തടയാൻ പ്രത്യേക സംവിധാനം
03 വാതിൽപ്പടി സേവനം ആദ്യഘട്ടം സെപ്തംബറിൽ ആരംഭിക്കും മുഖ്യമന്ത്രി
04 ഗസ്നി വീണു; താലിബാൻ ഭീകരർ കാബൂളിനടുത്ത്

## നോട്ടിക്കൽ ടൈംസ് കേരള

# കടലാഴം കരയോളം

**കേരളത്തിലെ തീരമണ്ഡലങ്ങളിലെ പ്രതിനിധികളോടൊപ്പം ഒരു യാത്ര.**



**കേ**രളത്തിന്റെ അറുന്നൂറ് കിലോമീറ്ററോളം ദൈർഘ്യമേറിയ തീരമേഖല ലോകത്തിന് തന്നെ അപൂർവ്വതയാണ്. കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ ഒൻപതു പാർലമെന്റ് മണ്ഡലങ്ങളും,അൻപതമിലറെ അസംബ്ലി മണ്ഡലങ്ങളും തീരത്തോട് ചേർന്നു കിടക്കുന്നു.നമ്മുടെ സംസ്കാരം,തൊഴിൽ,വാണിജ്യം,ടൂറിസം,രാഷ്ട്രീയം തുടങ്ങിയ മേഖലകളിൽ തീരത്തിന്റെ സ്വാധീനം നിർണ്ണായകമാണ്.വൈവിധ്യമാർന്ന കേരളത്തിലെ തീരമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന എംപിമാർ,എംഎൽഏമാർ, ഇതരമേഖലകളിലെ പ്രതിനിധികളുമായും നോട്ടിക്കൽ ടൈംസ് കേരള അഭിമുഖ സംഭാഷണം നടത്തുകയാണ്.

മുൻവിധികളോ, പ്രഖ്യാപിത നിലപാടുകളോ അടിസ്ഥാനമാക്കിക്കൊണ്ടുള്ള സംഭാഷണങ്ങളല്ല നടത്തുന്നത്.തീരത്തെ ജീവിതവും,മേഖലയിലെ വികസനവും മുൻനിർത്തിക്കൊണ്ട് ഓരോ മണ്ഡലത്തിലെയും പ്രത്യേകതകൾ കണ്ടറിയുവാൻ നടത്തുന്ന ശ്രമം. സംഭാഷണത്തിന്റെ വീഡിയോ നോട്ടിക്കൽ ടൈംസ് കേരള യൂ ട്യൂബ് ചാനലിൽ കാണാവുന്നതാണ്

എഡിറ്റർ.

https://youtu.be/BUITJRlY0PY

### മത്സ്യക്കച്ചവട സ്ത്രീകൾക്ക് നേരെയുള്ള

# അതിക്രമം അപലപനീയം : ലത്തീൻ അതിരൂപത

തിരുവനന്തപുരം : ഈ അടുത്തകാലത്തായി മത്സ്യക്കച്ചവട സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിലും മനുഷ്യത്വരഹിതമായ സമീപനങ്ങളിലും തിരുവനന്തപുരം ലത്തീൻ അതിരൂപത ശക്തമായി പ്രതിഷേധിക്കുകയും പ്രസ്തുത അതിക്രമങ്ങളെ അപലപിക്കുകയും ചെയ്യുന്നു.

കോവിഡ് - 19 വ്യാപനത്തിന്റെ പേരിൽ മത്സ്യമാർക്കറ്റുകളൊക്കെ അടച്ചിടുകയും കുടുംബം പുലർത്താനായി മത്സ്യമാർക്കറ്റുകളോട് ചേർന്നിരുന്ന് നാളിതുവരെ സ്വൈരമായി മത്സ്യക്കച്ചവടം നടത്തിക്കൊണ്ടിരുന്ന സ്ഥലങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് മത്സ്യക്കച്ചവടം നടത്തുന്ന മത്സ്യക്കച്ചവട സ്ത്രീകളെ അക്രമിക്കുകയും വിരട്ടിയോടിക്കുകയും ചെയ്യുന്ന പ്രവണത നാൾക്കുകനാൾ ഏറിവരുന്നു. ഈ പരമ്പരയിലെ ഏറ്റവും ഒടുവിലത്തെ സംഭവമാണ് ആഗസ്റ്റ് 12-ന് ആറ്റിങ്ങലിൽ നടന്നത്. അഞ്ചുപേരടങ്ങുന്ന നിർദ്ധന മത്സ്യത്തൊഴിലാളി കുടുംബത്തിന്റെ ഏക അത്താണിയായ അൽഫോൻസിയാ വിൽപ്പനയ്ക്കായി വച്ചിരുന്ന മത്സ്യം റോഡിൽ വലിച്ചെറിയുകയും വിൽപ്പനോപകരണങ്ങൾ തട്ടിത്തെറിപ്പിക്കുകയും ചെയ്ത ആറ്റിങ്ങൾ നഗരസഭാ ജീവനക്കാരുടെ നടപടി അങ്ങേയറ്റം മനുഷ്യത്വരഹിതമാണ്. അതിക്രമം കാണിച്ചവർക്കെതിരെ നഗരസഭയും പോലീസും തക്കതായ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിൽപ്പനയ്ക്കായി കരുതിയ മത്സ്യം നശിപ്പിച്ചതിന് തക്ക നഷ്ടപരിഹാരവും റോഡിൽ വീണ് പരുക്കുപറ്റിയ അൽഫോൺസിയായുടെ ചികിത്സാചെലവും നഗരസഭ വഹിക്കേണ്ടതാണ്.

ഉപജീവനത്തിനായി മത്സ്യക്കച്ചവടം നടത്തുന്ന നിരാലംബരായ സ്ത്രീകളെ ആക്രമിക്കുകയും അവരുടെ ജീവനോപാധികൾ നിഷ്ക്കരുണം നശിപ്പിക്കുകയും ചെയ്യുന്ന പ്രവണതയ്ക്കെതിരെ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.



## മത്സ്യവിൽപ്പനക്കാരിയെ കൈയേറ്റം ചെയ്ത സംഭവത്തിൽ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: ആറ്റിങ്ങൽ അവനവഞ്ചേരിയിൽ വഴിയോരത്ത് മീൻ വിൽക്കുകയായിരുന്ന അൽഫോൺസിയയെ കൈയേറ്റം ചെയ്ത സംഭവത്തിൽ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ.

സംഭവത്തെ കുറിച്ച് അന്വേഷണം നടത്തി സെപ്റ്റംബർ പത്തിനകം ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ഫയൽ ചെയ്യണമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റീസ് ആൻറണി ഡൊമിനിക് ഉത്തരവിട്ടു. കേസ് സെപ്റ്റംബർ 15 ന് പരിഗണിക്കും.

ജനങ്ങൾ പലതരത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്ന കോവിഡ് കാലത്ത് കുടുംബം പുലർത്താൻ മീൻ വിൽപ്പന നടത്തിയിരുന്ന സ്ത്രീയുടെ ജീവിത മാർഗം നഗരസഭ ഉദ്യോഗസ്ഥർ തടസപ്പെടുത്തിയതായി ഉത്തരവിൽ പറയുന്നു. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കേസെടുത്തത്.

## കേരള എൻജിനിയറിംഗ് പ്രവേശനം; ഹയർ സെക്കൻഡറി മാർക്ക് പരിഗണിക്കുമെന്ന് മന്ത്രി ബിന്ദു

തിരുവനന്തപുരം: കേരള എൻജിനിയറിംഗ് പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റ് തയാറാക്കുന്നതിന് ഹയർ സെക്കൻഡറി മാർക്ക് കൂടി പരിഗണിക്കുന്ന മുൻ വർഷത്തെ മാനദണ്ഡങ്ങൾ തുടരാൻ സംസ്ഥാന സർക്കാർ തീരുമാനം.

സിബിഎസ്ഇ, ഐസിഎസ്ഇ ബോർഡുകളും പരീക്ഷഫലം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തതെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി ആർ. ബിന്ദു അറിയിച്ചു. ഹയർ സെക്കൻഡറി മാർക്ക് ചേർക്കുന്നത് ഒഴിവാക്കാൻ നേരത്തെ ആലോചന ഉണ്ടായിരുന്നു.

## വിദ്യാർഥിനിയോട് ലൈംഗിക അതിക്രമം; പ്രധാനാധ്യാപകൻ അറസ്റ്റിൽ

വയനാട്: പത്താം ക്ലാസ് വിദ്യാർഥിനിയോട് ലൈംഗികാതിക്രമം കാട്ടിയ പ്രധാനാധ്യാപകനെ പോലീസ് അറസ്റ്റ് ചെയ്തു. വൈത്തിരിയിലെ ഒരു സ്കൂളിലാണ് സംഭവം നടന്നത്. അധ്യാപകനെതിരേ പോക്സോ നിയമം ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്.

കഴിഞ്ഞ മാസമാണ് സംഭവം നടന്നത്. വിദ്യാർഥിനി വീട്ടുകാരെ വിവരം അറിയിച്ചതിനെ തുടർന്ന് ചൈൽഡ് ലൈനിൽ പരാതി നൽകുകയായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ആലുവിളയിൽ ഫ്രാൻസീസ് എന്ന ഐ.എ.പി

**യേശുദാസ് വില്യം**

കൊല്ലം.ആർ.എസ്.പി പ്രാദേശിക നേതാവും,ശക്തികുളങ്ങരയിലെ മൽസ്യബന്ധനമേഖലയിലെ ആദ്യകാല സംരംഭകനുമായിരുന്ന ഐ.എ.പി. ഫ്രാൻസീസിന്റെ സ്മരണ വാർഷികം നടന്നു. ഓർമ്മ പുതുക്കുന്ന വേളയിൽ പതിവിൽ നിന്നും വ്യത്യസ്തമായി അദ്ദേഹത്തിന്റെ ജീവിതരേഖ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്തതും,വിവിധമേഖലയിലെ പുരസ്കാര ദാനവും പുതുമയായി.പ്രദേശിക തലത്തിൽ നിന്നും തനത് ശൈലിയും,പ്രത്യേകതകളും സ്വായത്തമാക്കിക്കൊണ്ട് മുഖ്യധാരയിലേക്ക് മുന്നേറുവാൻ കെല്പുള്ളവരാണ് ഈ സമൂഹത്തിന്റെ പ്രത്യേകത.ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ആലുവിള ഫ്രാൻസീസിൽ നിന്നും ഐ.എ.പി എന്ന മൂന്നക്ഷരത്തിലേക്കുള്ള അദ്ദേഹത്തിന്റെ വളർച്ച. ബേബി സാർ കേരളരാഷ്ട്രീയത്തിൽ പടർന്നു പന്തലിച്ചു നിൽക്കുമ്പോഴും ശക്തികുളങ്ങര പ്രദേശത്ത് ബേബിസാറിന്റെ പ്രതീകമായി ആർഎസ്പി യുടെ മുഖമുദ്രയായി ഐഎപി ഫ്രാൻസീസ് നിലകൊണ്ടു.

രാഷ്ട്രീയത്തിനപ്പുറം സമൂഹത്തിൽ സ്നേഹപൂർവ്വം ഇടപഴകുന്ന പൊതുസേവകനായിട്ടായിരുന്നു.ഐ.എ.പി.യെ കണ്ടിട്ടുള്ളത്. ഇന്ത്യൻ അകാട്ടിക് പ്രോഡക്ട്സ് എന്ന സ്ഥാപന സംരംഭകത്വത്തിലൂടെ ആദ്യകല സമുദ്രോൽപ്പന്ന കയറ്റുമതി രംഗത്ത് ചുവടുറപ്പിച്ചതും ഐഎപിയുടെ തനതു വ്യക്തിത്വത്തിന്റെ പ്രഭാവമായി കാണം.സാധാരണ നിലയിൽ നിന്നും സംരഭകൻ എന്ന നിലയിൽ വളർന്നുവന്ന അദ്ദേഹത്തിന്റെ ജീവിതരേഖയിൽ സ്വാഭാവികമായും നാടിന്റെ വളർച്ചയുടെ ഘട്ടങ്ങളും രേഖപ്പെടുത്തും.കൗതുകമുള്ള പുതുതലമുറക്കായുള്ള പകർന്നു നൽകലാവും അത്.

എന്റെ പപ്പയുടെ ബാല്യകാല സുഹൃത്തായ ഐഎപി യെ ദൂരെ നിന്നു മാത്രമേ കണ്ടിട്ടുള്ളു..മധ്യതിരുവിതാംകൂറിലെ അച്ചായൻമാരെ ഓർമ്മിപ്പിക്കുന്ന രൂപവും, നല്ല കഷണ്ടിയും,മിൽക്കി വൈറ്റ് ടെറികോട്ടൺ ഷർട്ടും,കരയുള്ള മുണ്ടും പതിവ് കയറ്റുമതി വ്യവസായികളിൽ നിന്നും ഐഎപിയെ വ്യത്യസ്തനാക്കി.വില്ലീസ് ജീപ്പും, ഇൻസുലേറ്റഡ് വാനും,ഫ്രീസിംഗ് പ്ലാന്റും എല്ലാം ഉണ്ടായിരുന്നെങ്കിലും പുതിയകാലത്തിന്റെ കയറ്റുമതി തട്ടകങ്ങളിൽ വിജയക്കൊടി പാറിക്കാൻ ഐഎപിക്കു എന്തുകൊണ്ടോ കഴിഞ്ഞില്ല.

ഐഎപിയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജൻമനാടായ ശക്തികുളങ്ങര പാരിഷ് ഹാളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംഘടിപ്പിച്ച ചടങ്ങിൽ ചവറ എംഎൽഎ സുജിത് വിജയൻപിള്ള,മുൻ മന്ത്രി ഷിബു ബേബിജോൺ, പ്രൊ.ജോസഫ് ആന്റെണി ഗ്രന്ഥകർത്താവ് വിടി കുരീപ്പുഴ. തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.ഐഎപിയുടെ സ്മരണാർത്ഥം വിവിധമേഖലയിലുള്ളവർക്ക് പുരസ്കാരങ്ങൾ നൽകി. വ്യവസായക സംരംഭക പുരസ്കാരം കേരളത്തിലെ പ്രമുഖ കയറ്റുമതി വ്യവസായി സേവ്യർ ലൂക്കിന് സമ്മാനിച്ചു.




## മൂലമറ്റത്ത് ജനറേറ്ററുകൾ പണിമുടക്കി

മൂലമറ്റം: ഇടുക്കി മൂലമറ്റം പവർഹൗസിലെ ആറ് ജനറേറ്ററുകളുടെ പ്രവർത്തനം തടസപ്പെട്ടു. സാങ്കേതിക തകരാറിനെ തുടർന്നാണ് ജനറേറ്ററുകളുടെ പ്രവർത്തനം നിലച്ചത്. തകരാർ പരിഹരിക്കാൻ ശ്രമം തുടരുകയാണ്.

ഇതോടെ സംസ്ഥാനത്ത് ഭാഗിക ലോഡ്ഷെഡിംഗ് ഏർപ്പെടുത്തി. രാത്രി ഒൻപത് വരെ വൈദ്യുതി തടസപ്പെടുമെന്നാണ് പ്രാഥമിക വിവരം. വൈദ്യുത ഉത്പാദനത്തിൽ 300 മെഗാവാട്ടിൻറെ കുറവാണ് ഉണ്ടായിരിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതിയെത്തിക്കാനും ശ്രമിക്കുന്നുണ്ട്. ആറ് ജനറേറ്ററുകളുടെ പ്രവർത്തനം പെട്ടെന്ന് നിലച്ചതായി കെഎസ്ഇബി അറിയിച്ചു.

## ജ്വല്ലറി പരസ്യത്തിന് വധുവിൻെറ ചിത്രം ഒഴിവാക്കണമെന്ന് ഗവർണർ

കൊച്ചി: ജ്വല്ലറി പരസ്യത്തിൽ നിന്ന് വധുവിൻറെ ചിത്രങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർഥിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പരസ്യങ്ങൾ പൊതുജനങ്ങളെ സ്വാധീനിക്കും. സ്വർണാഭരണങ്ങൾ വധുവുമായി മാത്രം ബന്ധപ്പെടുത്തരുതെന്നും അദ്ദേഹം പറഞ്ഞു.

വധുവിൻറെ ചിത്രത്തിൻറെ പകരം വീട്ടമ്മമാരുടേയും കുട്ടികളുടേയും ചിത്രങ്ങൾ ഉപയോഗിക്കാമെന്നും ഗവർണർ പറഞ്ഞു. കൊച്ചി കുഫോസിലെ വിദ്യാർഥികളുടെ ബിരുദ ദാന ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവവധു ആഭരണമണിഞ്ഞ് നിൽക്കുന്ന ചിത്രങ്ങളാണ് ഒട്ടുമിക്ക ജ്വല്ലറികളുടെയും പരസ്യങ്ങളിൽ ഉപയോഗിക്കുന്നത്. ഇതിന് മാറ്റമുണ്ടാവണം. സ്ത്രീധനത്തെക്കുറിച്ച് അവബോധമുണ്ടാക്കാൻ ഈ മാറ്റത്തിലൂടെ സാധിക്കുമെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

## തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ ടൂറിസം കേന്ദ്രങ്ങളൊരുക്കി, ആഭ്യന്തര ടൂറിസത്തെ പ്രോത്സാഹിപ്പിക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം : കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തും ഓരോ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ച് ആഭ്യന്തര ടൂറിസത്തെ പ്രോത്സാഹിപ്പിക്കുമെന്ന് തദ്ദേശസ്വയംഭരണ, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പ്രാദേശിക ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം പ്രതികരിക്കുകയായിരുന്നു മന്ത്രി ഗോവിന്ദൻ മാസ്റ്റർ.

ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനൊപ്പം പ്രാദേശിക തലത്തിൽ തൊഴിലും വരുമാനവും വർധിപ്പിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. പ്രാദേശികമായ കൂട്ടായ്മകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുണ്ടാക്കി, തനത് രീതികളിൽ പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ മോടിപിടിപ്പിക്കുമെന്നും ഉത്തരവാദിത്ത ടൂറിസത്തിലൂന്നി മുന്നോട്ടുപോകാൻ പിന്തുണ നൽകുമെന്നും മന്ത്രി വ്യക്തമാക്കി. ഹോം സ്റ്റേ, പ്ലാന്റേഷൻ ടൂറിസം, ഫാം ടൂറിസം തുടങ്ങിയ സംവിധാനങ്ങൾ പ്രോത്സാഹിപ്പിച്ചും പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിച്ചും ജനകീയമായ പങ്കാളിത്തം ഉറപ്പാക്കും. ശുചിത്വം ഉറപ്പുവരുത്തി ടൂറിസ സൗഹൃദ അന്തരീക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഉറപ്പുവരുത്തുമെന്ന് മന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിലുള്ള തനത് കലസാംസ്കാരിക പൈതൃകങ്ങളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനൊപ്പം പ്രാദേശിക ഭക്ഷ്യ വിഭവങ്ങളുടെയും കരകൗശല വസ്തുക്കളുടെയും ഉൽപ്പാദനവും വിൽപ്പനയും പ്രോത്സാഹിപ്പിക്കാനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് സബ്പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനം നൽകുമെന്നും മന്ത്രി കൂട്ടിചേർത്തു. യോഗത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറിമാരായ ഡോ. വി വേണുവും ശാരദാ മുരളീധരനും പങ്കെടുത്തു.

## തിരുവിതാംകൂർ പൈതൃക പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമാകുന്നു

തിരുവിതാംകൂർ പൈതൃകപദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസിൻറെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. തിരുവിതാംകൂർ രാജവംശകാലത്തെ പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണമാണ് പദ്ധതി ലക്ഷ്യംവെക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിലെ 30 കെട്ടിടങ്ങളെ ഉൾപ്പെടുത്തി അഞ്ച് സോണുകളിലായി ഇല്യുമിനേഷൻ പദ്ധതി നടപ്പിലാക്കും. കെട്ടിടങ്ങളുടെ പൗരാണികതയും വാസ്തുവിദ്യയും ആകർഷകമാകുന്ന വിധത്തിൽ ദീപാലംകൃതമാക്കുന്നതാണ് ഇല്യുമിനേഷൻ പദ്ധതി. ഇതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. നവംമ്പർ 1 കേരളപ്പിറവിയോട് അനുബന്ധിച്ച് ഒരു പൈതൃക കെട്ടിടത്തിന്റെ ഇല്യുമിനേഷൻ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് മന്ത്രി നിർദ്ദേശം നൽകി.

തിരുവിതാംകൂറിലെ പൈതൃക കെട്ടിടങ്ങളും ക്ഷേത്രങ്ങളും സംരക്ഷിച്ചുകൊണ്ട് ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തന്നെ തീരുമാനിച്ചിരുന്നു. മുസിരിസ്, ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി മാതൃകയിലാണ് തിരുവിതാംകൂർ പൈതൃക ടൂറിസം സർക്യൂട്ട് പദ്ധതി വിഭാവനം ചെയ്തത്.

യോഗത്തിൽ ടൂറിസം വകുപ്പ് ഡയറക്ടർ വി ആർ കൃഷ്ണതേജ ടൂറിസം വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടി വി പത്മകുമാർ, ഡെപ്യൂട്ടി ഡയറക്ടർ എ ആർ സന്തോഷ് ലാൽ, ആർക്കിടെക്ട് ആഭാ നരേയിൻ ലാംബ, സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രതിനിധി നീതു തുടങ്ങിയവർ പങ്കെടുത്തു.

# 'ആത്മനിർഭരത നാരീശക്തിയിലൂടെ' സംവാദത്തിൽ പ്രധാനമന്ത്രി



ന്യൂഡൽഹി: 'ആത്മനിർഭരത നാരീശക്തിയിലൂടെ' സംവാദത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഇന്ന് പങ്കെടുത്തു. വീഡിയോ കോൺഫറൻസിലൂടെ നടന്ന പരിപാടിയിൽ വനിതാ സ്വയംസഹായ സംഘാംഗങ്ങളുമായി അദ്ദേഹം ആശയവിനിമയം നടത്തി. ദീനദയാൽ അന്ത്യോദയ പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിലൂടെ (ഡിഎവൈ എൻ ആർ എൽ എം) പ്രോത്സാഹനം ലഭിച്ച വനിതാ സ്വയംസഹായ സംഘാംഗങ്ങൾ/കമ്മ്യൂണിറ്റി റിസോഴ്സ് അംഗങ്ങൾ എന്നിവരുമായാണ് അദ്ദേഹം ആശയവിനിമയം നടത്തിയത്. പരിപാടിക്കിടെ, രാജ്യമെമ്പാടുമുള്ള വനിതാ സ്വയം സഹായ സംഘാംഗങ്ങളുടെ വിജയഗാഥകളുടെ സമാഹാരവും കാർഷിക ഉപജീവനമാർഗങ്ങളുടെ സാർവത്രികവൽക്കരണത്തെക്കുറിച്ചുള്ള കൈപ്പുസ്തകവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു. 4 ലക്ഷത്തിലേറെ സ്വയംസഹായ സംഘങ്ങൾക്കായി 1625 കോടി രൂപയുടെ മൂലധന സഹായ നിധിയും പ്രധാനമന്ത്രി പുറത്തിറക്കി. ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പിഎംഎഫ്എംഇക്കു (പിഎം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ്) കീഴിൽ 7500 സ്വയംസഹായ സംഘാംഗങ്ങൾക്ക് 25 കോടി രൂപ അടിസ്ഥാന തുകയും 75 കാർഷികോൽപ്പാദന സംഘടനകൾക്ക് (എഫ്പിഒ) 4.13 കോടി രൂപയും പ്രോത്സാഹനമായി നൽകി. കേന്ദ്ര ഗ്രാമവികസന, പഞ്ചായത്ത് രാജ് മന്ത്രി ശ്രീ ഗിരിരാജ് സിംഗ്; കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രി ശ്രീ പശുപതി കുമാർ പരസ്; ഗ്രാമവികസന സഹമന്ത്രിമാരായ സാധ്വി നിരഞ്ജൻ ജ്യോതി, ശ്രീ ഫഗ്ഗൻ സിംഗ് കുലസ്തെ; പഞ്ചായത്ത് രാജ് സഹമന്ത്രി ശ്രീ കപിൽ മൊറേശ്വർ പാട്ടീൽ, ഭക്ഷ്യ സംസ്കരണ വ്യവസായ സഹമന്ത്രി ശ്രീ പ്രഹ്ലാദ് സിംഗ് പട്ടേൽ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ സംസാരിച്ച പ്രധാനമന്ത്രി, കൊറോണക്കാലത്ത് സ്ത്രീ സ്വയംസഹായ സംഘങ്ങൾ നൽകിയ അഭൂതപൂർവമായ സേവനങ്ങളെ ശ്ലാഘിച്ചു. മാസ്കുകളും സാനിറ്റൈസറുകളും നിർമിക്കുന്നതിലും ആവശ്യക്കാർക്ക് ഭക്ഷണം നൽകുന്നതിലും ബോധവൽക്കരണം നടത്തുന്നതിലും അവർ നടത്തിയത് സമാനതകളില്ലാത്ത സംഭാവനയാണെന്നു പ്രധാനമന്ത്രി വ്യക്തമാക്കി. വനിതകളിൽ സംരംഭകത്വത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്ത ഇന്ത്യക്കായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുമായി, രക്ഷാബന്ധൻ അടുത്തുവരുന്ന സാഹചര്യത്തിൽ, ഇന്ന് നാലു ലക്ഷത്തിലധികം സ്വയം സഹായ സംഘങ്ങൾക്ക് വലിയ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വയം സഹായ സംഘവും ദീൻ ദയാൽ അന്ത്യോദയ യോജനയും ഗ്രാമീണ ഇന്ത്യയിൽ പുത്തൻ വിപ്ലവത്തിനു കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ആറേഴു വർഷമായി വനിതാ സ്വയംസഹായ സംഘങ്ങളുടെ പ്രസ്ഥാനം ശക്തിപ്പെട്ടതായി അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ന് രാജ്യത്തുടനീളം 70 ലക്ഷം സ്വയംസഹായ സംഘങ്ങളുണ്ടെന്നും ഇത് ആറേഴുവർഷത്തിനിടെ മുമ്പുണ്ടായിരുന്നതിന്റെ മൂന്നിരട്ടിയിലധികമാണെന്നും അദ്ദേഹം പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിലെത്തുന്നതിനു മുമ്പ് കോടിക്കണക്കിന് സഹോദരിമാർക്ക് ബാങ്ക് അക്കൗണ്ട് ഇല്ലായിരുന്നുവെന്നും അവർ ബാങ്കിംഗ് സംവിധാനത്തിൽ നിന്ന് മൈലുകളോളം അകലെയായിരുന്നുവെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു. അതുകൊണ്ടാണ് ഗവൺമെന്റ് ജൻധൻ അക്കൗണ്ടുകൾ തുറക്കുന്നതിനുള്ള വലിയ പ്രചാരണം ആരംഭിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് 42 കോടിയിലധികം ജൻധൻ അക്കൗണ്ടുകളുണ്ടെന്നും അതിൽ 55 ശതമാനവും സ്ത്രീകളുടേതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നത് സുഗമമാക്കാനാണ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ഉപജീവന ദൗത്യത്തിന് കീഴിൽ സഹോദരിമാർക്ക് ഗവൺമെന്റ് നൽകിയ സഹായധനം മുൻ ഗവണ്മെന്റിനേക്കാൾ എത്രയോ മടങ്ങ് കൂടുതലാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഏകദേശം 4 ലക്ഷം കോടി രൂപയുടെ വായ്പയും സ്വയംസഹായ സംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ 7 വർഷങ്ങളായി ബാങ്കുകളിൽ പണം തിരിച്ചടയ്ക്കുന്നതിൽ സ്വയംസഹായ സംഘങ്ങൾ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രവർത്തനരഹിത ആസ്തിയുടെ കാര്യത്തിൽ ബാങ്ക് വായ്പകൾ 9 ശതമാനത്തോളം ഉടുത്ത സമയമുണ്ടായിരുന്നു. ഇപ്പോൾ അത് 23 ശതമാനമായി കുറഞ്ഞു. സ്വയം സഹായ സംഘത്തിലെ സ്ത്രീകളുടെ സത്യസന്ധതയെ അദ്ദേഹം അഭിനന്ദിച്ചു. ഈടില്ലാതെ സ്വയം സഹായ സംഘങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പയുടെ പരിധി ഇരട്ടിയാക്കി ഇപ്പോൾ 20 ലക്ഷത്തിലെത്തിച്ചുവെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. നിങ്ങളുടെ സേവിംഗ്സ് അക്കൗണ്ടുകൾ വായ്പ അക്കൗണ്ടുമായി ബന്ധിപ്പിക്കാനുള്ള വ്യവസ്ഥ ഇല്ലാതാക്കിയെന്നും അദ്ദേഹം പറഞ്ഞു. അത്തരത്തിൽ നിരവധി പ്രയത്നങ്ങളിലൂടെ, സ്വയം പര്യാപ്തതയിൽ ഇപ്പോൾ കൂടുതൽ ഉത്സാഹത്തോടെ നിങ്ങൾക്കു മുന്നോട്ട് പോകാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സ്വാതന്ത്ര്യത്തിന്റെ 75ാം വർഷമാണിതെന്നു പ്രധാനമന്ത്രി പറഞ്ഞു. പുതിയ ലക്ഷ്യങ്ങൾ ഉന്നം വയ്ക്കാനും പുതിയ ഊർജവുമായി മുന്നോട്ട് പോകാനുമുള്ള സമയമാണിത്. സഹോദരിമാരുടെ കൂട്ടായ ശക്തിയും പുതിയ കരുത്തോടെ ഇപ്പോൾ മുന്നോട്ട് പോകേണ്ടതുണ്ട്. എല്ലാ സഹോദരിമാർക്കും അവരുടെ ഗ്രാമങ്ങളിൽ സമൃദ്ധിയും അഭിവൃദ്ധിയും സൃഷ്ടിക്കാനാകുന്ന അന്തരീക്ഷവും സാഹചര്യങ്ങളും തുടർച്ചയായി ഒരുക്കുകയാണ് ഗവൺമെന്റ്. കാർഷിക, കാർഷിക അധിഷ്ഠിത വ്യവസായത്തിൽ വനിതാ സ്വയംസഹായ സംഘങ്ങൾക്ക് അനന്തമായ സാധ്യതകളുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പ്രത്യേക നിധിക്കു രൂപംനൽകിയതായും ഈ നിധിയിൽ നിന്ന് സഹായം സ്വീകരിച്ച് സ്വയം സഹായ സംഘങ്ങൾക്ക് കാർഷിക അധിഷ്ഠിത സൗകര്യങ്ങൾ സൃഷ്ടിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ അംഗങ്ങൾക്കും ന്യായമായ നിരക്കു നിശ്ചയിച്ച് ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകാനും കഴിയും. പുതിയ കാർഷിക പരിഷ്കാരങ്ങളുടെ പ്രയോജനം നമ്മുടെ കർഷകർക്ക് മാത്രമല്ല, സ്വയം സഹായ സംഘങ്ങൾക്കും പരിധിയില്ലാത്ത സാധ്യതകൾ സൃഷ്ടിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പയർ പോലുള്ള ഉൽപ്പന്നങ്ങൾ ഇപ്പോൾ സ്വയംസഹായ സംഘങ്ങൾക്ക് കർഷകരിൽ നിന്ന് നേരിട്ട് വാങ്ങാനും വീടുകളിൽ വിതരണം ചെയ്യാനും കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് സംഭരിക്കാൻ കഴിയുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങളില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൃഷിയിടത്തിൽ നിന്നു നേരിട്ട് ഉൽപ്പന്നങ്ങൾ വിൽക്കണോ അതോ ഭക്ഷ്യസംസ്കരണ യൂണിറ്റ് സ്ഥാപിച്ച് മികച്ച രീതിയിൽ പായ്ക്ക് ചെയ്ത് വിൽക്കണോ എന്ന കാര്യം സ്വയംസഹായ സംഘങ്ങൾക്ക് തീരുമാനിക്കാം.

ഓൺലൈൻ കമ്പനികളുമായി സഹകരിച്ച് സ്വയം സഹായ സംഘങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ മികച്ച രീതിയിൽ പായ്ക്ക് ചെയ്ത് എളുപ്പത്തിൽ നഗരങ്ങളിലേക്ക് അയയ്ക്കാൻ കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയിൽ നിർമ്മിച്ച കളിപ്പാട്ടങ്ങൾക്കും ഗവൺമെന്റ് പ്രോത്സാഹനമേകുന്നുണ്ടെന്നും ഇതിന് സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രത്യേകിച്ചും പരമ്പരാഗതമായി അക്കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്ന നമ്മുടെ ഗോത്രമേഖലകളിലെ സഹോദരിമാർക്ക്. ഇതിലും സ്വയംസഹായ സംഘങ്ങൾക്ക് ധാരാളം സാധ്യതകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രചാരണം നടക്കുകയാണെന്നു പ്രധാനമന്ത്രി പറഞ്ഞു. ഇതിൽ സ്വയംസഹായ സംഘങ്ങൾക്ക് രണ്ടു കാര്യങ്ങൾ ചെയ്യാനാകും. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഒഴിവാക്കുന്നതിനെക്കുറിച്ച് അവബോധം വളർത്താനും അതിന്റെ ബദലിനായി പ്രവർത്തിക്കാനും അദ്ദേഹം സ്വയം സഹായ സംഘങ്ങളോട് അഭ്യർത്ഥിച്ചു. ഓൺലൈൻ ഗവൺമെന്റ് സംവിധാനമായ ഇമാർക്കറ്റ് പ്ലേസ് പൂർണമായി പ്രയോജനപ്പെടുത്താൻ അദ്ദേഹം സ്വയംസഹായ സംഘങ്ങളോട് അഭ്യർത്ഥിച്ചു. പരിവർത്തനത്തിന്റെ പാതയിലുള്ള ഇന്ത്യയിൽ, ഇന്ന് രാജ്യത്തെ സഹോദരിമാർക്കും പെൺമക്കൾക്കും മുന്നേറാനുള്ള അവസരങ്ങൾ വർദ്ധിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. എല്ലാ സഹോദരിമാർക്കും വീട്, ശുചിമുറി, വൈദ്യുതി, വെള്ളം, പാചകവാതകം തുടങ്ങിയ സൗകര്യങ്ങൾ നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. സഹോദരിമാരുടെയും പെൺമക്കളുടെയും വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, വാക്സിനേഷൻ, മറ്റ് ആവശ്യങ്ങൾ എന്നിവയിൽ പൂർണ്ണ സംവേദനക്ഷമതയോടെയാണ് ഗവണ്മെന്റ് പ്രവർത്തിക്കുന്നത്. അതിനാൽ, സ്ത്രീകളുടെ അന്തസ്സ് മാത്രമല്ല, പെൺമക്കളുടെയും സഹോദരിമാരുടെയും ആത്മവിശ്വാസവും വർദ്ധിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രനിർമ്മാണത്തിനുള്ള അവരുടെ ശ്രമങ്ങളെ അമൃത മഹോത്സവവുമായി ബന്ധിപ്പിക്കാൻ പ്രധാനമന്ത്രി സ്വയം സഹായ സംഘങ്ങളോട് അഭ്യർത്ഥിച്ചു. എട്ടു കോടിയിലധികം സഹോദരിമാരുടെയും പെൺമക്കളുടെയും കൂട്ടായ ശക്തിയാൽ അമൃത മഹോത്സവത്തെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടുപോകാനാകുമെന്ന് അദ്ദേഹം പറഞ്ഞു. സേവനമനോഭാവവുമായി എങ്ങനെ മുന്നോട്ടു പോകുമെന്നു ചിന്തിക്കാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

സ്ത്രീകൾക്ക് പോഷകാഹാര ബോധവൽക്കരണം, കോവിഡ് 19 വാക്സിനേഷൻ, ഗ്രാമങ്ങളിലെ ശുചിത്വം, ജലസംരക്ഷണം എന്നിവ സംബന്ധിച്ച പ്രചാരണങ്ങൾ നടത്തുന്ന കാര്യങ്ങൾ ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടി. അടുത്തുള്ള ക്ഷീരകന്നുകാലിവിസർജ്യ സൗര പ്ലാന്റുകൾ സന്ദർശിക്കാനും അതിൽ നിന്നു മികച്ച രീതികൾ പഠിക്കാനും അദ്ദേഹം ആവശ്യപ്പെട്ടു.

# സഹകരണ ബാങ്കുകളിലെ തട്ടിപ്പ് തടയാൻ പ്രത്യേക സംവിധാനം: മന്ത്രി

കരുവന്നൂർ സഹകരണ ബാങ്കിൽ നടന്നതിന് സമാനമായ തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചതായി സഹകരണ മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. സംസ്ഥാനത്തെ സഹകരണ ബാങ്ക് പ്രസിഡന്റുമാരുമായി നടത്തിയ ഓൺലൈൻ ആശയവിനിമയത്തിന് ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. സഹകരണ ബാങ്കുകളിൽ ഓഡിറ്റ് നടത്തുന്നതിനായി ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണമെന്ന് അക്കൗണ്ടന്റ് ജനറലിനോട് ചീഫ് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിലുള്ളവരെ സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ സഹായിക്കും. സഹകരണ വകുപ്പിലെ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തും. നിലവിൽ ഡിവൈഎസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് റീജിയണൽ വിജിലൻസ് ഉദ്യോഗസ്ഥരായുള്ളത്. ഇതിനു പകരം എസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കും. കൃത്യമായി പരിശോധനയും നടപടിയുമുണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

മൂന്ന് ഉദ്യോഗസ്ഥർ അടങ്ങുന്ന സമിതിയായിരിക്കും ഓഡിറ്റ് നടത്തുക. ഈ സമിതിയെ നയിക്കുന്നത് ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ തസ്തികയിലുള്ള ഉദ്യോഗസ്ഥനായിരിക്കും. ഭാവിയിൽ കോഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റം നിലവിൽ വരും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഐടി സംയോജനം ഉറപ്പാക്കാനും തീരുമാനിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോഴുണ്ടായത് പോലെയുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

കരുവന്നൂർ സഹകരണ സംഘവുമായി ബന്ധപ്പെട്ട് ഉയർന്ന ക്രമക്കേടുകളിൽ ശക്തമായ നടപടി സ്വീകരിച്ചു. ക്രമക്കേടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ രണ്ട് ദിവസത്തിനകം ഭരണസമിതി പിരിച്ചുവിട്ടു. കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകപരമായ ശിക്ഷ ഉറപ്പാക്കാനുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്നുമുള്ളത്. പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തു. പൊലീസ് കേസെടുത്തു. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്നു. ഇതിനു പുറമെ ഉന്നത ഉദ്യോഗസ്ഥരുടെ സംഘം പ്രത്യേക പരിശോധന നടത്തി. ആ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉന്നത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തത്. മുഴുവൻ കുറ്റവാളികളെയും നിയമത്തിനു മുന്നിൽ കൊണ്ടു വരാനുള്ള ശക്തമായ ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി അറിയിച്ചു. നിക്ഷേപകർക്ക് അവരുടെ നിക്ഷേപം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഒരു പാക്കേജ് തന്നെ സൃഷ്ടിക്കും.

കൺസ്യൂമർഫെഡ് ആരംഭിച്ച ഓണം വിപണിക്കു സമാനമായ വിപണികൾ പ്രാദേശിക തലത്തിൽ ആരംഭിക്കാനും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനും സഹകരണ സംഘങ്ങൾക്ക് മന്ത്രി നിർദ്ദേശം നൽകി. പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള ടാബും ലാപ്പ്ടോപ്പും കമ്പ്യൂട്ടറും മൊബൈൽ ഫോണുകളും വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകുന്ന വിദ്യാ തരംഗിണി വായ്പാ പദ്ധതി കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചു. സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ മാത്രമാണ് ഡിജിറ്റൽ വിദ്യാഭ്യാസത്തിന് പലിശ രഹിത വായ്പ നൽകുന്നത്.

ഓണക്കാലത്തിനു മുമ്പ് തന്നെ കെഎസ്ആർടിസി പെൻഷൻ കൊടുത്തു തീർക്കാൻ തീരുമാനിച്ചതായി മന്ത്രി അറിയിച്ചു. ക്ഷേമപെൻഷനുകളുടെ വിതരണം കാര്യക്ഷമമായി നടക്കുന്നു. ഓണക്കാലത്തിനു മുമ്പ് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

# സംസ്ഥാനത്ത് 21,445 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

കേരളത്തിൽ 21,445 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. മലപ്പുറം 3300, കോഴിക്കോട് 2534, തൃശൂർ 2465, എറണാകുളം 2425, പാലക്കാട് 2168, കൊല്ലം 1339, കണ്ണൂർ 1338, ആലപ്പുഴ 1238, കോട്ടയം 1188, തിരുവനന്തപുരം 933, വയനാട് 720, പത്തനംതിട്ട 630, ഇടുക്കി 589, കാസർഗോഡ് 578 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,45,582 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 14.73 ആണ്. റുട്ടീൻ സാമ്പിൾ, സെന്റിനൽ സാമ്പിൾ, സിബി നാറ്റ്, ട്രൂനാറ്റ്, പി.ഒ.സി.ടി. പി.സി.ആർ., ആർ.ടി. എൽ.എ.എം.പി., ആന്റിജൻ പരിശോധന എന്നിവ ഉൾപ്പെടെ ഇതുവരെ 2,90,53,257 ആകെ സാമ്പിളുകളാണ് പരിശോധിച്ചത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 160 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 18,280 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 73 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 20,316 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 945 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. മലപ്പുറം 3232, കോഴിക്കോട് 2491, തൃശൂർ 2441, എറണാകുളം 2381, പാലക്കാട് 1554, കൊല്ലം 1334, കണ്ണൂർ 1245, ആലപ്പുഴ 1224, കോട്ടയം 1130, തിരുവനന്തപുരം 832, വയനാട് 705, പത്തനംതിട്ട 613, ഇടുക്കി 579, കാസർഗോഡ് 555 എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്. 111 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. കണ്ണൂർ 19, പാലക്കാട് 16, തൃശൂർ 15, കാസർഗോഡ് 12, മലപ്പുറം 11, എറണാകുളം 9, വയനാട് 8, കോഴിക്കോട് 7, കൊല്ലം, പത്തനംതിട്ട 4 വീതം, തിരുവനന്തപുരം 3, ആലപ്പുഴ, കോട്ടയം, ഇടുക്കി 1 വീതം ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 20,723 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1237, കൊല്ലം 690, പത്തനംതിട്ട 447, ആലപ്പുഴ 742, കോട്ടയം 1064, ഇടുക്കി 471, എറണാകുളം 2703, തൃശൂർ 2847, പാലക്കാട് 1850, മലപ്പുറം 3297, കോഴിക്കോട് 2442, വയനാട് 661, കണ്ണൂർ 1646, കാസർഗോഡ് 626 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,76,518 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 34,36,318 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,83,172 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,54,689 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 28,483 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

2559 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ തരംതിരിച്ചിട്ടുണ്ട്. 87 തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലായി 634 വാർഡുകളാണ് ഡബ്ല്യു.ഐ.പി.ആർ. എട്ടിന് മുകളിലുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# ഫസ്റ്റ്ബെല്ലിൽ തിങ്കൾ മുതൽ പുതിയ സമയക്രമം; ആഗസ്റ്റ് 19 മുതൽ 23 വരെ ക്ലാസില്ല

കൈറ്റ് വിക്ടേഴ്സിലൂടെയുള്ള ഫസ്റ്റ്ബെൽ 2.0 ഡിജിറ്റൽ ക്ലാസുകളിൽ പ്ലസ് വൺ റിവിഷൻ ക്ലാസുകളുടെ സംപ്രേഷണം ഞായറാഴ്ച പൂർണമാകും.

ശനിയാഴ്ച (ആഗസ്റ്റ് 14) 1 മുതൽ 10 വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ പ്രത്യേകമായി സംപ്രേഷണം ചെയ്യും. നിശ്ചിത എണ്ണം മലയാളം മീഡിയം ക്ലാസുകളുടെ തുടർച്ചയായാണ് ആ ഭാഗങ്ങൾ ഉൾപ്പെടുന്ന ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നത്. ഞായറാഴ്ച ഭാഷാ വിഷയങ്ങളും ഒരു കുട്ടിക്ക് പരമാവധി ഒരു ക്ലാസ് എന്ന തരത്തിൽ സംപ്രേഷണം ചെയ്യും. തിങ്കളാഴ്ച (ആഗസ്റ്റ് 16) ആരംഭിക്കുന്ന 6 മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് ഒരു പിരിയഡ് അധികം ഉണ്ടായിരിക്കും.

ഈ ദിവസങ്ങളിൽ രാവിലെ 8 മുതൽ 10 വരെ പത്താം ക്ലാസും (നാല് ക്ലാസുകൾ) 10 മണിക്ക് ഒന്നാം ക്ലാസും 10.30ന് പ്രീപ്രൈമറി ക്ലാസുകളും ആയിരിക്കും. 11 മണി മുതൽ ഒരു മണി വരെ യഥാക്രമം രണ്ടു മുതൽ അഞ്ചു വരെയുള്ള ക്ലാസുകൾ (ഓരോ ക്ലാസ് വീതം) സംപ്രേഷണം ചെയ്യും.

ആറ്, ഏഴ്, എട്ട്, ഒൻപത് ക്ലാസുകൾ ഉച്ചയ്ക്ക് 1, 2, 3, 4 മണിക്ക് യഥാക്രമം സംപ്രേഷണം ചെയ്യും. ഭാഷാ വിഷയങ്ങളുടെ സംപ്രേഷണം 5.30ന് ശേഷമായിരിക്കും. ആഗസ്റ്റ് 19 മുതൽ 23 വരെ ഫസ്റ്റ്ബെൽ 2.0 ക്ലാസുകൾക്ക് അവധിയായിരിക്കുമെന്ന് കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് അറിയിച്ചു. പ്ലസ് വൺ പൊതുപരീക്ഷയ്ക്ക് മുമ്പ് കുട്ടികൾക്ക് സംശയനിവാരണത്തിനുള്ള ലൈവ് ഫോൺഇൻ പരിപാടികൾ സംപ്രേഷണം ചെയ്യും. പിന്നീട് പ്ലസ് വൺ പൊതു പരീക്ഷയ്ക്ക് ശേഷമായിരിക്കും പ്ലസ് ടു ക്ലാസുകൾ പുനഃരാരംഭിക്കുക.

ക്ലാസുകളും പ്ലസ് വൺ ഓഡിയോ ബുക്കുകളും സമയക്രമവും ഉശൃയെേലഹ ഹ.സശലേ.സല്യമഹമ.ഴീ.ശി പോർട്ടലിൽ ലഭ്യമായിരിക്കും.

# തദ്ദേശസ്ഥാപന പരിധിയിലെ കോവിഡ് സ്ഥിതിവിവരം നിയന്ത്രണങ്ങൾ രോഗവ്യാപനത്തിന് അനുസൃതമായി

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രതിവാര രോഗബാധ ജനസംഖ്യാനുപാതപ്രകാരം (ഡബ്ലിയു.ഐ.പി.ആർ) പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കലക്ടർ ബി.അബ്ദുൽ നാസർ അറിയിച്ചു. രോഗബാധയുടെ നിരക്ക് എട്ടു ശതമാനത്തിൽ കൂടുതൽ ഉള്ള പുനലൂർ മുനിസിപ്പാലിറ്റിയിലെ ഒന്നും രണ്ടും വാർഡുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലെ ഒന്ന്, രണ്ട്, അഞ്ച്, 15, 22 വാർഡുകളിലും ഇന്ന് (ഓഗസ്റ്റ് 12) മുതൽ ലോക്ക്ഡൗൺ ബാധകമാക്കി.

മുഹറം, ഓണം, ശ്രീകൃഷ്ണജയന്തി, ഗണേശചതുർഥി, ദുർഗ്ഗാപൂജ ഇൾപ്പടെയുള്ള ആഘോഷ വേളകളിലും പ്രാദേശികതല നിയന്ത്രണം തുടരും. മാളുകളിൽ മാനദണ്ഡപാലനം കർശനമാക്കി. റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കിയതായും കലക്ടർ അറിയിച്ചു. കോവിഡ് പരിശോധന വ്യാപിപ്പിക്കാനും വാക്സിനേഷൻ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാനും നിർദേശം നൽകി.

കോർപറേഷനിലെയും വിവിധനഗരസഭാ പരിധികളിലേയും (വാർഡുകളിലെ/ഡിവിഷനുകളിലെ) ഗ്രാമപഞ്ചായത്തുകളിലേയും പ്രതിവാര രോഗബാധ ജനസംഖ്യാനുപാത നിരക്ക് ചുവടെ.

കൊല്ലം കോർപറേഷൻ വാർഡ് 225.6 ശതമാനം, 215.28, 205.16, 304.09, 103.7, 243.24, 92.96, 392.96, 322.92, 272.75, 112.7, 452.61, 372.44, 312.43, 192.41, 462.36, 492.28, 382.17, 82.04, 40 1.94, 141.9, 33 1.89, 411.7, 281.67, 231.63, 161.59, 291.53, 21.51, 71.46, 341.35, 261.34, 361.34, 351.32, 10.94, 470.92, 540.92, 60.9, 480.88, 440.8, 530.76, 170.73, 520.61, 40.6, 550.59, 50.52, 510.48, 30.47, 250.46, 430.37, 180.32, 420.24, 150.18, 120.17, 130.17, 500.14;

കൊട്ടാരക്കര മുനിസിപ്പാലിറ്റിവാർഡ്204.88 ശതമാനം, 164.3, 274.3, 14.04, 103.85, 193.75, 233.17, 292.33, 51.55, 21.44, 251.25, 221.18, 40.94, 30, 60, 70,80, 90,110,120, 130, 140, 150, 170, 180, 210, 240, 260, 280;

പരവൂർ മുനിസിപ്പാലിറ്റി വാർഡ്114.88 ശതമാനം, 213.15, 229.09, 58.87, 158.59, 145.52, 175.31, 64.83, 264.67, 294.26, 34.13, 43.83, 233.63, 303.44, 243.09, 182.94, 202.85, 82.56, 72.06, 192.01, 121.67, 101.55, 311.48, 111.19, 131.15, 90.79, 160, 210, 250, 270, 280, 320;

പുനലൂർ മുനിസിപ്പാലിറ്റി വാർഡ്214.92 ശതമാനം, 18.52, 304.02, 253.63, 173.33, 42.48, 192.26, 52.1, 222.09, 312.08, 122, 161.92, 141.88, 351.84, 151.81, 321.65, 271.64, 201.38, 341.31, 281.25, 331, 90.95, 80.85, 130.77, 180.73, 60.68, 290.62, 30, 70, 100, 110, 210, 230, 240, 260;

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിവാർഡ്26.8 ശതമാനം, 66.28, 295.97, 195.35, 274, 233.56, 263.47, 143.36, 183.18, 132.94, 12.82, 252.59, 42.48, 82.31, 222.16, 312.1, 212.03, 351.94, 240.99, 300.93, 150.91, 160.86, 70.76, 110.7.

# വിമുക്ത ഭടനെ കബളിപ്പിച്ച ട്രാവൽ ഏജൻസി നഷ്ടം നൽകണം

കൊച്ചി: പൊള്ളയായ വാഗ്ദാനങ്ങൾ നൽകി വിമുക്ത ഭടനെ കബളിപ്പിച്ച ട്രാവൽ ഏജൻസി നഷ്ടപരിഹാരവും കോടതിചെലവും ഒരു മാസത്തിനകം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ കോടതി ഉത്തരവിട്ടു. പാലക്കാട് പട്ടാമ്പി താലൂക്കിലെ പാറക്കാട് വീട്ടിൽ നൂർ മുഹമ്മദ് നൽകിയ പരാതിയിലാണ് ഡി ബി ബിനു അധ്യക്ഷനും വൈക്കം രാമചന്ദ്രൻ, ശ്രീവിദ്യ ടി എൻ എന്നിവർ അംഗങ്ങളുമായ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മിഷന്റെ വിധി. കമ്പനിയുടെ സിൽവർ ജൂബിലിയുടെ ഭാഗമായി വിവിധ സമ്മാനങ്ങൾ ലഭിച്ചുവെന്ന് ഉപഭോക്താവിനെ അറിയിക്കുകയും സമ്മാനങ്ങൾ വാങ്ങുന്നതിനായി വിശാഖപട്ടണത്തെ ഓഫീസിൽ നേരിട്ട് എത്തിച്ചേരാൻ എതിർ കക്ഷി സ്ഥാപനം ആവശ്യപ്പെടുകയും ചെയ്തു.

അതിനായി 75,000 രൂപയുടെ അംഗത്വം എടുപ്പിച്ചു. സമ്മാനങ്ങളായി മൂന്നുപ്ലോട്ടുകൾ നൽകാമെന്നും അവർ വാഗ്ദാനം ചെയ്തു. അന്ന് മാത്രമുള്ള ഈ ഓഫർ ലഭിക്കാൻ 5,40, 000 രൂപ കൂടി ഉപഭോക്താവിൽ നിന്നുംവാങ്ങി.

കമ്പനിയുടെ എല്ലാവിധത്തിലുമുള്ള ഉല്പന്നങ്ങളും അടുത്ത 30 വർഷത്തേക്ക് വാർഷിക യാത്രകളും കമ്പനി വാഗ്ദാനം ചെയ്തു.

വാഗ്ദാനം ചെയ്ത സേവനങ്ങൾ നൽകാൻ എതിർ കക്ഷികൾ പിന്നീട് തയ്യാറായതുമില്ല. ഈ സാഹചര്യത്തിലാണ് ഉപഭോക്താവ് കമ്മിഷനെ സമീപിച്ചത്.

ഏകപക്ഷീയമായ ഉപാധികളിലൂടെ ഉപഭോക്താവിനെ വഞ്ചിക്കുകയും ഒരു കാരണവശാലും വാങ്ങിയ തുക തിരികെ നൽകില്ലെന്നുമുള്ള എതിർകക്ഷികളുടെ നിലപാടും അനുചിതമായ കച്ചവടരീതിയും സേവനത്തിലെ ന്യൂനതയുമാണെന്ന് കമ്മിഷൻ വിലയിരുത്തി. കൺട്രി ക്ലബ്, കൺട്രി വെക്കേഷൻസ്, കൺട്രി കോറിഡോർ എന്നീ മൂന്ന് സ്ഥാപനങ്ങൾ 5,40,000 രൂപയും മെമ്പർഷിപ്പ് തുകയായ 75,000 രൂപയും കോടതി ചെലവായി പതിനായിരം രൂപയും 30 ദിവസത്തിനകം പരാതിക്കാരന് നൽകണം.

# കർഷകതൊഴിലാളി ക്ഷേമനിധി: വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷിക്കാം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 202021 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. സർക്കാർ/ എയ്ഡഡ് സ്കൂളിൽ വിദ്യാഭ്യാസം നടത്തിയവരും 202021 വർഷത്തെ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 80 ഉം അതിൽ കൂടുതൽ പോയിന്റ് നേടിയവരും ഹയർ സെക്കണ്ടറി വി.എച്ച്.എസ്.സി അവസാനവർഷ പരീക്ഷയിൽ 90 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയവരുമായ വിദ്യാർഥികളിൽ നിന്നുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ ആഗസ്റ്റ് 31ന് വൈകിട്ട് അഞ്ച് വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ/ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടണം.

## ഓണം കൈത്തറി വിപണനമേള ഉദ്ഘാടനം

കേരളത്തിലെ തനത് കൈത്തറി ഉത്പന്നങ്ങളുടെ മേൻമയും, പ്രാധാന്യവും വൈവിധ്യവും ജനങ്ങളിൽ എത്തിക്കുന്നതിനും പരമ്പരാഗത കൈത്തറി മേഖലയെ സംരക്ഷിക്കുകയും അതുവഴി സാധാരണക്കാരായ നെയ്തു തൊഴിലാളികളെ സഹായിക്കുന്നതിനുമായി കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിന്റെയും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ "ഓണം കൈത്തറി മേള2021" 13 മുതൽ 20 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടക്കും.

വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് 13ന് വൈകിട്ട് ഏഴിന് മേള ഉദ്ഘാടനം ചെയ്യും. ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിക്കും. മേളയിൽ ബാലരാമപുരം കൈത്തറി ഉത്പന്നങ്ങളായ പുളിയിലക്കര മുണ്ടുകൾ, സാരികൾ, ഒറിജിനൽ കസവു സാരികൾ, കസവു മുണ്ടുകൾ, ബെഡ് ഷീറ്റുകൾ, വിവിധ തരം ടവ്വലുകൾ, ഫർണിഷിംഗ് ക്ലോത്തുകൾ, ഷർട്ടിങ്, സ്യൂട്ടിങ്, റെഡിമെയ്ഡുകൾ തുടങ്ങി വൈവിധ്യങ്ങളായ കൈത്തറി വസ്ത്രങ്ങൾ 20 ശതമാനം ഗവ. റിബേറ്റിൽ ലഭിക്കും.

മെള സന്ദർശിക്കുന്നതിനും കൈത്തറി വസ്ത്രങ്ങൾ വാങ്ങുന്നതിനും 9447371377, 9495271618, 7356860615, 9495392913 എന്നീ നമ്പറുകളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാം.

### എൻജിനിയറിങ് പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റ്: മുൻ മാനദണ്ഡം തുടരും

കേരള എൻജിനിയറിങ് പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് ഹയർ സെക്കൻഡറി മാർക്ക് കൂടി പരിഗണിക്കുന്ന മുൻ വർഷത്തെ മാനദണ്ഡങ്ങൾ തുടരാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ ബോർഡുകളും പരീക്ഷ ഫലം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് തീരുമാനമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ. ബിന്ദു അറിയിച്ചു.

# തൊഴിലവസരത്തിന് വിദ്യാഭ്യാസവും നൈപുണ്യവും സമന്വയിപ്പിക്കും: കേന്ദ്ര വിദ്യാഭ്യാസ മന്ത്രി

ന്യൂഡൽഹി : നൈപുണ്യ ശേഷിവികസനമാണ് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സമ്പദ്വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്നതിനുമുള്ള പ്രധാന മാർഗമെന്ന് കേന്ദ്ര വിദ്യാഭ്യാസ, നൈപുണ്യ വികസന മന്ത്രി ശ്രീ ധർമേന്ദ്ര പ്രധാൻ, പറഞ്ഞു. 'തൊഴിൽ സൃഷ്ടിയും സംരംഭകത്വവും ഉപജീവനമാർഗ്ഗത്തിന് മുന്നോടിയായുള്ള മാർഗം' എന്ന വിഷയത്തിൽ സിഐഐയുടെ വെർചൽ സ്പെഷൽ പ്ലീനറി സെഷനെ അദ്ദേഹം അഭിസംബോധന ചെയ്തു . ദേശീയ വിദ്യാഭ്യാസ നയം 2020 വിഭാവനം ചെയ്തതുപോലെ, ഭാവിയിലേക്ക് സജ്ജമായ തൊഴിൽ ശക്തി സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസവും നൈപുണ്യവും കൂടുതൽ സമന്വയിപ്പിക്കാൻ ഗവണ്മെന്റ് പ്രവർത്തിക്കുന്നുണ്ടെന്ന് ശ്രീ പ്രധാൻ പറഞ്ഞു.

ശക്തമായ വിദ്യാഭ്യാസ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും തുടർന്ന് സാമ്പത്തിക വളർച്ച സുഗമമാക്കുന്നതിനും ദേശീയ വിദ്യാഭ്യാസ നയം സംഭാവന ചെയ്യും, അദ്ദേഹം കൂട്ടിച്ചേർത്തു.

മഹാമാരി , വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നൈപുണ്യ വികസന കേന്ദ്രങ്ങളെയും ബാധിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു, എന്നാൽ , ഡിജിറ്റൽ ഉള്ളടക്കം വലിയതോതിൽ വികസിപ്പിച്ചുകൊണ്ട് ഗവണ്മെന്റ് വിദ്യാഭ്യാസത്തിന്റെ തുടർച്ച ഉറപ്പുവരുത്തി. സമീപഭാവിയിൽ എല്ലാ ഗ്രാമങ്ങളും അതിവേഗ ഇന്റർനെറ്റുമായി ബന്ധിപ്പിക്കപ്പെടുമെന്നും , വൻതോതിലുള്ള ഈ ഡിജിറ്റലൈസേഷൻ ശ്രമങ്ങൾ വിദ്യാഭ്യാസം, നൈപുണ്യം, സംരംഭകത്വം എന്നീ മേഖലകളിൽ പുതിയ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതായും അദ്ദേഹം അറിയിച്ചു.

സാങ്കേതികവിദ്യയുടെ വൻ തോതിലുള്ള ആവിർഭാവത്തോടെ, നമ്മുടെ അധ്യാപകർക്ക് വൈദഗ്ധ്യത്തിലും നൈപുണ്യത്തിലും കൂടുതൽ പരിശീലനം ആവശ്യമാണെന്ന് ശ്രീ പ്രധാൻ പറഞ്ഞു

# മുതിർന്ന പൗരന്മാർക്ക് വാക്സിനേഷൻ ഉറപ്പുവരുത്തി തദ്ദേശസ്ഥാപനങ്ങൾ

മുതിർന്ന പൗരന്മാർക്കുള്ള വാക്സിനേഷൻ ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ പുരോഗമിക്കുന്നു. വരും ദിവസങ്ങളിൽ പരമാവധി പേർക്ക് വാക്സിനേഷൻ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. വെളിയം ഗ്രാമപഞ്ചായത്തിൽ അറുപത് വയസിന് മുകളിലുള്ളവർക്കായി മെഗാ വാക്സിനേഷൻ ക്യാമ്പ് നടത്തിവരുന്നു. വാപ്പാല കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ വിവിധ സെന്ററുകളിലായി ഇന്നലെ (ഓഗസ്റ്റ് 12)500 പേർക്ക് വാക്സിൻ നൽകി. ഓഗസ്റ്റ് 15നകം പഞ്ചായത്ത് പരിധിയിലുള്ള അറുപത് വയസിന് മുകളിലുള്ളവരുടെ വാക്സിനേഷൻ 100 ശതമാനവും പൂർത്തിയാക്കുമെന്ന് പ്രസിഡന്റ് ആർ. ബിനോജ് പറഞ്ഞു. വാർഡുകൾ കേന്ദ്രീകരിച്ച് ആന്റിജൻ, ആർ.ടി.പി.സി.ആർ ടെസ്റ്റുകളും വർധിപ്പിച്ചു. കോളനികളിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി. പോലീസ്, ആരോഗ്യവകുപ്പ്, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രത്യേക അവലോകന യോഗങ്ങളും ചേരുന്നുണ്ട്. ചിറക്കരയിൽ 60 വയസ്സിന് മുകളിലുള്ളവരുടെ വാക്സിനേഷൻ പുരോഗമിക്കുന്നു. ഇന്നലെ(ഓഗസ്റ്റ് 12) 316 പേർക്ക് ആദ്യ ഡോസ് നൽകി. ഇതുവരെ 9531 പേരെ കോവിഡ് പരിശോധനയ്ക്ക് വിധേയരാക്കിയിട്ടുണ്ട്. രണ്ട് ഡോസുകൾ ഉൾപ്പെടെ 9253 പേർക്ക് വാക്സിനേഷൻ നൽകി. ചിറക്കര ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഡി.സി.സിയിൽ ഏഴുപേർ ചികിത്സയിലുണ്ട്. രണ്ട് കണ്ടയിന്റ്സോണുകൾ ഉള്ള പഞ്ചായത്തിൽ ഡബ്ലിയു.ഐ.പി.ആർ 2.54 ശതമാനമാണ്. പഞ്ചായത്ത് പ്രസിഡന്റ്, സ്ഥിരം സമിതി അധ്യക്ഷൻമാർ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ 16 വാർഡുകളിലേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. രോഗികൾ കൂടുതലുള്ള ഉളിയനാട് വാർഡിൽ പ്രതിരോധം ശക്തമാക്കിയിട്ടുണ്ട്. മുഴുവൻ സമയ ആംബുലൻസ് സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. വാർറൂം ബുള്ളറ്റിൻ ദിവസേന പ്രസിദ്ധീകരിക്കുന്നതായി പ്രസിഡന്റ് സി.സുശീല ദേവി അറിയിച്ചു. തൃക്കരുവയിൽ കിടപ്പ് രോഗികൾക്കുള്ള വാക്സിനേഷൻ പൂർത്തിയായതായി പഞ്ചായത്ത് പ്രസിഡന്റ് സരസ്വതി രാമചന്ദ്രൻ പറഞ്ഞു. 60 വയസ്സ് കഴിഞ്ഞവർക്കുള്ള വാക്സിനേഷൻ നൽകിവരുന്നു. ആർ.ടി.പി.സിആർ, ആന്റിജൻ പരിശോധനകൾ നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഡി.സി.സി.യിൽ ഏഴു രോഗികളാണുള്ളത്. തൊടിയൂരിൽ 352 പേർ ഇന്നലെ (ഓഗസ്റ്റ് 12) വാക്സിൻ സ്വീകരിച്ചു. ഗൃഹ പരിചരണ കേന്ദ്രങ്ങളിലും വീടുകളിലും ആശുപത്രികളിലും ആയി നിലവിൽ 142 കോവിഡ് രോഗികൾ ചികിത്സയിലുണ്ട്. തലവൂരിൽ വ്യാപാരികൾക്കായി പ്രത്യേകം ആന്റിജൻ പരിശോധന നടന്നുവരുന്നതായി മെഡിക്കൽ ഓഫീസർ ഡോ.അജയ് പറഞ്ഞു. ഇതുവരെ 19,865 പേർക്ക് വാക്സിൻ നൽകി. ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും ആന്റിജൻ പരിശോധന നടത്തുന്നുണ്ട്. 227 രോഗികളാണ് പഞ്ചായത്തിലുള്ളത്. 196 പേർ വീടുകളിൽ നിരീക്ഷണത്തിൽ ഉണ്ട്. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ആയുർവേദ, ഹോമിയോ പ്രതിരോധ മരുന്നുകളുടെ രണ്ടാംഘട്ട വിതരണം നടന്നുവരികയാണെന്ന് പ്രസിഡന്റ് സുജ സുരേന്ദ്രൻ പറഞ്ഞു. ആയൂർ ജവഹർ എച്ച്.എസ്.എസിൽ പ്രവർത്തിക്കുന്ന ഡി.സി.സി.യിൽ 22 രോഗികളുണ്ട്. മുഴുവൻ വാർഡുകളിലും ആന്റിജൻ, ആർ.ടി.പി.സി.ആർ പരിശോധനകൾ നടത്തിവരുന്നു. വാർഡുതല ആർ.ആർ. ടികളുടെ പ്രവർത്തനവും വ്യാപിപ്പിച്ചിട്ടുണ്ട്.

# ഓണക്കിറ്റ്: വിതരണം ചെയ്തത് 19,49,640 കിറ്റുകൾ

ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ നേതൃത്വത്തിൽ ഓണക്കിറ്റ് വിതരണം ഊർജിതമായി നടക്കുകയാണെന്നും വ്യാഴാഴ്ച വൈകിട്ട് മൂന്നു മണി വരെയുള്ള കണക്കുകൾ പ്രകാരം 19,49,640 കിറ്റുകൾ വിതരണം ചെയ്തതായും ഭക്ഷ്യമന്ത്രി അഡ്വ. ജി. ആർ. അനിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൂടുതൽ കിറ്റുകൾ വിതരണം ചെയ്തത് മലപ്പുറം ജില്ലയിലാണ്, 239812 എണ്ണം. തിരുവനന്തപുരം ജില്ലയിൽ 220991, തൃശൂരിൽ 194291, ആലപ്പുഴയിൽ 137662, എറണാകുളത്ത് 159631, ഇടുക്കിയിൽ 93931, കണ്ണൂരിൽ 98986, കാസർകോട് 76501, കൊല്ലത്ത് 130092, കോട്ടയത്ത് 97460, കോഴിക്കോട് 176308, പാലക്കാട് 165358, പത്തനംതിട്ടയിൽ 81692, വയനാട് 76925 കിറ്റുകളാണ് വിതരണം ചെയ്തത്. ഓണത്തിന് മുമ്പ് തന്നെ കിറ്റ് വിതരണം പൂർത്തിയാക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. ആദിവാസി മേഖലകളിലുള്ളവർക്ക് ഓണക്കിറ്റുകൾ നേരിട്ട് എത്തിക്കും. ആഗസ്റ്റ് 15ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം വിതുര പഞ്ചായത്തിലെ പുളിയക്കാല ആദിവാസി കോളനിയിൽ കിറ്റ് വിതരണം ചെയ്ത് ഇതിന് തുടക്കം കുറിയ്ക്കും. പട്ടികജാതി, പട്ടികവർഗ, പിന്നാക്കക്ഷേമ മന്ത്രി കെ. രാധാകൃഷ്ണനും കിറ്റ് വിതരണത്തിൽ പങ്കെടുക്കും. ഈ മാസത്തെ അരി വാങ്ങാത്ത ആദിവാസി വിഭാഗത്തിലുള്ളവർക്ക് അതും എത്തിച്ചു കൊടുക്കും. കന്യാസ്ത്രീ മഠങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ താമസക്കാർക്കും ഓണക്കിറ്റുകൾ നേരിട്ട് എത്തിക്കും. അനർഹർ കൈവശം വച്ചിരുന്ന 1,34,170 മുൻഗണനാ റേഷൻ കാർഡുകളാണ് തിരിച്ചേൽപ്പിച്ചത്. അർഹതയുള്ള 12,000 പേർക്ക് കാർഡ് നൽകുന്നതിനുള്ള നടപടി ആരംഭിച്ചു. എ. എ. വൈ വിഭാഗത്തിലെ കാർഡുകളുടെ വിതരണം ആഗസ്റ്റ് 20ന് പൂർത്തിയാകും. ഈ വിഭാഗത്തിൽ പെട്ടവർക്ക് സെപ്റ്റംബർ ഒന്നു മുതൽ അർഹതപ്പെട്ട റേഷൻ വിഹിതം ലഭിക്കും. ആവശ്യപ്പെടുന്നവർക്ക് നിശ്ചിത ഫീസ് ഈടാക്കി സ്മാർട്ട് റേഷൻ കാർഡുകൾ വിതരണം ചെയ്യുമെന്ന് മന്ത്രി പറഞ്ഞു. ഇത്തരം കാർഡുകൾ ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ ഭാവിയിലെ മറ്റു പദ്ധതികൾക്കും ഉപയോഗിക്കാനാവും. അടുത്ത സീസണിലെ നെല്ല് സംഭരണത്തിനുള്ള രജിസ്ട്രേഷൻ ആഗസ്റ്റ് 16ന് തുടങ്ങും. അടുത്ത വർഷം മുതൽ രജിസ്ട്രേഷൻ ജൂലൈ ഒന്നിന് ആരംഭിക്കും. നെല്ല് സംഭരണം സുഗമമാക്കാൻ കർഷകർ, മില്ലുടമകൾ, ഉദ്യോഗസ്ഥർ എന്നിവരുമായി ജില്ലതിരിച്ച് ചർച്ചകൾ നടത്തും.

ആദ്യഘട്ടം പാലക്കാട് ആഗസ്റ്റ് 26ന് നടക്കും. സപ്ലൈകോ ജീവനക്കാരുടെ ബോണസ്, ഉത്സവബത്ത, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ സംബന്ധിച്ച് വിവിധ യൂണിയനുകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ട്. ഇതിനു പുറമെ 750 രൂപയുടെ സൗജന്യ വൗച്ചറും ജീവനക്കാർക്ക് നൽകുമെന്ന് മന്ത്രി പറഞ്ഞു.

# അൺ എയ്ഡഡ് സ്കൂളുകൾക്ക് ഏകീകൃത ഫീസ് ഘടന വേണം: ബാലാവകാശ സംരക്ഷണ കമ്മീഷൻ

സംസ്ഥാനത്തെ സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് ഏകീകൃത ഫീസ് ഘടന ഉണ്ടാകണമെന്നും ഫീസ് കുടിശ്ശിക വരുത്തിയതിന്റെ പേരിൽ കുട്ടികളെ ഓൺലൈൻ ക്ലാസുകളിൽ നിന്നും പുറത്താക്കരുതെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾക്ക് നിലവിൽ ഏകീകൃത ഫീസ് ഘടനയില്ല. ഓരോ സ്കൂളും വ്യത്യസ്തമായ തരത്തിലാണ് ഫീസ് ഈടാക്കുന്നത്. കോവിഡ്19ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടഞ്ഞുകിടക്കുന്ന കാലത്തും ട്യൂഷൻ ഫീസിന് പുറമെ സ്പെഷ്യൽ ഫീ, മെയിന്റനൻസ് ഫീ, ബസ് ഫീ തുടങ്ങി വിവിധ ഇനങ്ങളിൽ വൻ തുകകൾ സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകൾ ഈടാക്കുന്നതായും ഫീസ് കുടിശ്ശിക വരുത്തുന്ന കുട്ടികളെ ഓൺലൈൻ ക്ലാസ്സിൽ നിന്നും പുറത്താക്കുന്നുവെന്നും ചൂണ്ടിക്കാട്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ലഭിച്ച 56 പരാതികൾ തീർപ്പാക്കിയാണ് കമ്മീഷൻ ഉത്തരവ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥി പ്രവേശനം, ഫീസ് ഘടന, സിലബസ്, പാഠപുസ്തകങ്ങൾ, രക്ഷാകർതൃ സമിതികൾ, കുട്ടികളുടെ ജനാധിപത്യ വേദികൾ, അധ്യാപകരുടെ നിയമനം, വേതനം തുടങ്ങിയവയ്ക്കായി സംസ്ഥാന സർക്കാർ പ്രത്യേക നിയമ നിർമ്മാണം നടത്തണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കമ്മീഷന്റെ ഉത്തരവിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയതായും ഉത്തരവിൽ പറയുന്നു.

# വാതിൽപ്പടി സേവനം ആദ്യഘട്ടം സെപ്തംബറിൽ ആരംഭിക്കും മുഖ്യമന്ത്രി

അശരണർക്കും ആലംബഹീനർക്കും കരുതൽ സ്പർശമായി സർക്കാർ പ്രഖ്യാപിച്ച "വാതിൽപ്പടി സേവനം" പദ്ധതിയുടെ ആദ്യഘട്ടം സെപ്തംബറിൽ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യ ഘട്ടമായി ആരംഭിക്കുക. ആദ്യഘട്ട പ്രവർത്തനാനുഭവങ്ങളുടെ വെളിച്ചത്തിൽ ഡിസംബറിൽ സംസ്ഥാന വ്യാപകമാക്കുമെന്നും പദ്ധതിയുടെ ആലോചനാ യോഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. ആജീവനാന്ത സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ തയ്യാറാക്കൽ, സാമൂഹിക സുരക്ഷ പെൻഷൻ, അടിയന്തരാവശ്യത്തിനുള്ള മരുന്നുകൾ എത്തിച്ചു നൽകൽ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. തുടർന്ന് മറ്റു സേവനങ്ങൾ കൂടി ഇതിന്റെ ഭാഗമാക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് അംഗത്തിന്റെ അധ്യക്ഷതയിൽ ആശാ വർക്കർ, കുടുംബശ്രീ പ്രതിനിധി, സന്നദ്ധ സേവന വോളണ്ടിയർമാർ എന്നിവരടങ്ങുന്ന കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സേവനം ആവശ്യമായവരുമായി ബന്ധപ്പെടാനുള്ള പ്രാഥമിക ചുമതല ആശാവർക്കർമാർക്കാണ്. സേവനം ലഭ്യമാക്കേണ്ടവർക്ക് കമ്മിറ്റി അംഗങ്ങളെ ഫോൺ മുഖേന ബന്ധപ്പെടാം. ഇതിനായി കമ്മിറ്റി അംഗങ്ങളുടെ ഫോൺ നമ്പറുകൾ അടങ്ങിയ കാർഡ് വിതരണം ചെയ്യും. അക്ഷയ കേന്ദ്രങ്ങളും സന്നദ്ധ സേവന വോളണ്ടിയർമാരും ആശാവർക്കർമാരുടെ സഹായത്തിനുണ്ടാകും. സന്നദ്ധ സേനാംഗങ്ങളെ കണ്ടെത്താനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. മികച്ച രീതിയിൽ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വോളണ്ടിയർമാരെ സുതാര്യമായ രീതിശാസ്ത്രം ഉപയോഗിച്ച് കണ്ടെത്തണം. എൻ എസ് എസ്, എൻ സി സി വോളണ്ടിയർമാരെ ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കാവുന്നതാണ്. ഓരോ ആളിനും ആവശ്യമായ മരുന്നുകൾ പ്രാദേശികമായി ലഭ്യമാകുമെന്ന് ആരോഗ്യ വകുപ്പ് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. പാലിയേറ്റീവ് കെയർ ആവശ്യമായവർക്ക് ഈ സേവനം ലഭ്യമാക്കാൻ ആവശ്യമായ കരുതലുകൾ ഉണ്ടാകണം. കോവിഡ് കാലത്ത് നടപ്പിലാക്കിയ രീതി ഇതിനായി തുടരാവുന്നതാണ്.

വാതിൽപ്പടി സേവന പ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും നിരന്തരം അവലോകനം ചെയ്യണം. ജില്ലാ കളക്ടർമാക്കും ജില്ലാ ആസൂത്രണ സമിതിക്കും പദ്ധതിയുടെ നടത്തിപ്പിലും മോണിറ്ററിങ്ങിലും നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. പ്രായാധിക്യത്താൽ വീടിന് പുറത്തിറങ്ങാൻ കഴിയാത്ത മുതിർന്ന പൗര ാർ, ഭിന്നശേഷിക്കാർ, കിടപ്പിലായവർ തുടങ്ങി വിവിധ കാരണങ്ങളാൽ ചലന പരിമിതി അഭിമുഖീകരിക്കുന്നവർക്ക് പിന്തുണയായാണ് വാതിൽപ്പടി സേവനം പദ്ധതി പ്രഖ്യാപിച്ചത്. യോഗത്തിൽ മന്ത്രിമാരായ എം.വി. ഗോവിന്ദൻ മാസ്റ്റർ, ഡോ. ആർ. ബിന്ദു, വീണാ ജോർജ്ജ്, എം.എൽ.എ മാരായ ഐ.ബി. സതീഷ്, മുഹമ്മദ് മുഹസിൻ, കെ.വി. സുമേഷ്, ജോബ് മൈക്കിൾ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ഐ.ടി. പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ, സാമൂഹ്യനീതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## സ്ക്വാഡ് പരിശോധന: 32 സ്ഥാപനങ്ങൾക്ക് പിഴ

കോവിഡ് മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി ജില്ലാ കലക്ടർ ബി. അബ്ദുൽ നാസറിന്റെ നിർദ്ദേശപ്രകാരം നടത്തുന്ന താലൂക്കുതല സ്ക്വാഡ് പരിശോധനയിൽ 32 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തി. അഞ്ഞൂറിലധികം കേസുകളിൽ താക്കീതു നൽകി. കരുനാഗപ്പള്ളി, കൊട്ടാരക്കര എന്നിവിടങ്ങളിലാണ് കൂടുതൽ മാനദണ്ഡ ലംഘനങ്ങൾ കണ്ടെത്തിയത്.

കരുനാഗപ്പള്ളി, ചവറ, നീണ്ടകര, ഓച്ചിറ, പ ന, തഴവ, തെക്കുംഭാഗം, തേവലക്കര, തൊടിയൂർ ഭാഗങ്ങളിൽ 21 കേസുകളിൽ പിഴയീടാക്കി. 160 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി.

കൊട്ടാരക്കര, ചടയമംഗലം, ചിതറ, വെട്ടിക്കവല, കരീപ്ര, എഴുകോൺ, കുമ്മിൾ, മേലില, മൈലം, നെടുവത്തൂർ, നിലമേൽ, പവിത്രേശ്വരം, പൂയപ്പള്ളി, ഉമ്മന്നൂർ, വെളിയം, വെളിനല്ലൂർ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ എട്ടു കേസുകളിൽ പിഴയീടാക്കുകയും 248 എണ്ണത്തിന് താക്കീത് നൽകുകയും ചെയ്തു.

കുന്നത്തൂർ, പോരുവഴി, മൈനാഗപ്പള്ളി എന്നിവിടങ്ങളിലെ പരിശോധനയിൽ രണ്ടു കേസുകൾക്ക് പിഴയും 148 എണ്ണത്തിന് താക്കീതും നൽകി.

കൊല്ലത്തെ ചിറക്കരയിൽ ഒരു കേസിനു പിഴ ചുമത്തി. 25 സ്ഥാപനങ്ങൾക്ക് താക്കീത് നൽകി. സെക്ടറൽ മജിസ്ട്രേറ്റുമാർ പരിശോധനകൾക്ക് നേതൃത്വം നൽകി.

പുനലൂർ, വാളക്കോട് പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 12 കേസുകളിൽ താക്കീത് നൽകി. ഡെപ്യൂട്ടി തഹസീൽദാർ വിനോദ് നേതൃത്വം നൽകി.

പത്തനാപുരം ഡെപ്യൂട്ടി തഹസീൽദാർ ബിജുവിന്റെ നേതൃത്വത്തിൽ പട്ടാഴി, പട്ടാഴി വടക്കേക്കര, പിറവന്തൂർ, പുന്നല ഭാഗങ്ങളിൽ പരിശോധന നടത്തി. 14 കേസുകൾക്ക് താക്കീത് നൽകി.

## പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിംഗ് 17ന്

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മിഷന്റെ കോർട്ട് ഹാളിൽ ആഗസ്റ്റ് 17ന് രാവിലെ 11 മണിക്ക് സിറ്റിംഗ് നടത്തും. സിറ്റിംഗിൽ കേരളത്തിലെ പുലുവക്കൗണ്ടർ, വേട്ടുവക്കൗണ്ടർ, പടൈയാച്ചിക്കവുണ്ടർ, കാവിലിയക്കവുണ്ടർ എന്നീ വിഭാഗങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, ഒ.ബി.സി, ജനറൽ എന്നീ വിഭാഗങ്ങളിൽ നിന്നും ക്രിസ്ത്യൻ, മുസ്ലീം മത വിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച വിഷയം, എഴുത്തച്ഛൻ സമുദായത്തിന്റെ മറ്റ് പേരുകളും അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 20202021 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിക്കൽ എന്നിവ പരിഗണിക്കും. സിറ്റിംഗിൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരൻ, മെമ്പർമാരായ ഡോ. എ.വി. ജോർജ്ജ്, സുബൈദാ ഇസ്ഹാക്ക്, കമ്മിഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## ഹൈഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ: പരിശീലന പരിപാടി 18ന്

ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ആഗസ്റ്റ് 18ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12 വരെയുള്ള സമയത്ത് 'ഹോഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ' എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിക്കും. താത്പര്യമുള്ള ക്ഷീരകർഷകർ 9400831831 എന്ന ഫോൺ നമ്പരിൽ 17ന് വൈകിട്ട് അഞ്ച് മണിവരെയുള്ള സമയത്ത് വാട്ട്സ് നമ്പരിലൂടെ രജിസ്റ്റർ ചെയ്യണം.

# തദ്ദേശ ഉപതിരഞ്ഞെടുപ്പ്: എൽ.ഡി.എഫ്7 , യു.ഡി.എഫ് 6 , സ്വതന്ത്രൻ 2 സീറ്റുകൾ നേടി

സംസ്ഥാനത്തെ 9 ജില്ലകളിലെ 15 തദ്ദേശസ്വയംഭരണ വാർഡുകളിലേക്കു നടന്ന ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 7 ഉം യു.ഡി.എഫ് 6 ഉം സ്വതന്ത്രൻ 2 ഉം വീതം സീറ്റുകൾ നേടി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും മലപ്പുറം ജില്ലയിലെ ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലും തിരുവനന്തപുരം, എറണാകുളം, വയനാട് ജില്ലകളിലെ 3 മുനിസിപ്പാലിറ്റി വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

എൽ.ഡി.എഫ്. വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം എന്ന ക്രമത്തിൽ: തിരുവനന്തപുരംനെടുമങ്ങാട് മുനിസിപ്പാലിറ്റി പതിനാറാംകല്ല് വിദ്യാ വിജയൻ 94, പത്തനംതിട്ടകലഞ്ഞൂർ ഗ്രാമ പഞ്ചായത്ത്പല്ലൂർ അലക്സാണ്ടർ ഡാനിയേൽ323, എറണാകുളം വേങ്ങൂർ ഗ്രാമ പഞ്ചായത്ത്ചൂരത്തോട് പീറ്റർ പി.വി(പിന്റു) 19, മലപ്പുറം തലക്കാട് ഗ്രാമ പഞ്ചായത്ത് പാറശ്ശേരി വെസ്റ്റ് സജില (കെ.എം.സജില)244, കോഴിക്കോട് വളയം ഗ്രാമ പഞ്ചായത്ത്കല്ലുനിരകെ.ടി. ഷബീന 196, വയനാട് സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി പഴേരി എസ്. രാധാകൃഷ്ണൻ 112, കണ്ണൂർ ആറളം ഗ്രാമ പഞ്ചായത്ത് വീർപ്പാട് യു.കെ.സുധാകരൻ 137.

യു.ഡി.എഫ്. വിജയിച്ചവ: കോട്ടയം എലിക്കുളം ഗ്രാമ പഞ്ചായത്ത് ഇളങ്ങു

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 AUGUST 12 THURSDAY




സെക്രട്ടേറിയറ്റിലെ പച്ചക്കറിത്തോട്ടം കൃഷി മന്ത്രി പി. പ്രസാദ് സന്ദർശിക്കുന്നു

# ഉത്തരവാദിത്ത നിക്ഷേപവും, ഉത്തരവാദിത്ത വ്യവസായവും പ്രാവർത്തികമാക്കും: മന്ത്രി

ഉത്തരവാദിത്ത നിക്ഷേപവും ഉത്തരവാദിത്ത വ്യവസായവും വ്യവസായ വകുപ്പിൽ പ്രാവർത്തികമാക്കുമെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. ഒരു നിക്ഷേപകൻ വ്യവസായ നിക്ഷേപത്തിനായി സമീപിക്കുമ്പോൾ ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. പദ്ധതി തയ്യാറാക്കുന്നതു മുതൽ വ്യവസായ സംരംഭം ആരംഭിക്കുന്നതുവരെയുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും വ്യവസായ വകുപ്പ് സദാ സന്നദ്ധമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

വ്യവസായ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഓൺലൈനായി സംഘടിപ്പിച്ച പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ പദ്ധതി(പി.എം.എഫ്.എം.ഇ. പദ്ധതി) ഒരു ജില്ല ഒരു ഉല്പന്നം എന്ന സംസ്ഥാനതല ദ്വിദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ.ഇളങ്കോവൻ, വ്യവസായ വാണിജ്യ ഡയറക്ടർ എസ്.ഹരികിഷോർ, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടറും കേരളത്തിന്റെ പിഎം എഫ്എംഇ നോഡൽ ഓഫീസറുമായ എം.ജി.രാജമാണിക്യം, കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ചന്ദ്രബാബു തുടങ്ങിയവർ സംസാരിച്ചു.

തൃശ്ശൂർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ കോളേജ് ഓഫ് അഗ്രിക്കൾച്ചർ, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, വയനാട് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, തൃശ്ശൂർ കണ്ണറ ബനാന റിസർച്ച് സ്റ്റേഷൻ, കാസർഗോഡ് റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, തിരുവനന്തപുരം സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ്, കൊച്ചി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ ടെക്നിക്കൽ സെഷനുകൾ കൈകാര്യം ചെയ്യും. സെമിനാർ ഇന്ന് സമാപിക്കും.

## ആയുർവേദ കോളേജിൽ കരാർ അധ്യാപക നിയമനം

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലെ രോഗനിദാന, രസശാസ്ത്രഭൈഷജ്യകൽപന വകുപ്പുകളിൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് 26ന് രാവിലെ 11ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും സഹിതം അന്നേ ദിവസം രാവിലെ 10.30ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.

## എലിപ്പനി: ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്

എലിപ്പനി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്. എലിപ്പനി ലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടിയന്തര ചികിത്സ തേടണമെന്നും ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. കെ.എസ്. ഷിനു അറിയിച്ചു.

എലിമൂത്രത്തിൽനിന്നാണ് എലിപ്പനി മനുഷ്യരിലേക്കു പകരുന്നത്. എലി മൂത്രത്തിലൂടെ മണ്ണിലും വെള്ളത്തിലും എത്തുന്ന രോഗാണുക്കൾ മനുഷ്യ ശരീരത്തിലെ മുറിവുകൾ വഴിയോ കണ്ണിലെയും മൂക്കിലേയും വായിലേയും ശ്ലേഷമ സ്ഥരങ്ങൾ വഴിയോ ശരീരത്തിൽ എത്തുമ്പോഴാണു രോഗമുണ്ടാകുന്നത്. കടുത്ത പനി, തലവേദന, പേശിവേദന, വിറയൽ, കണ്ണിനു ചുവപ്പുനിറം, മൂത്രത്തിനു മഞ്ഞ നിറം എന്നിവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ.

എലിപ്പനി മാരകമാകാമെന്നതിനാൽ ലക്ഷണങ്ങൾ ഉണ്ടായാൽ ഇസഞ്ജീവനീയിലൂടെയോ വീട്ടിലിരുന്നോ ചികിത്സ തേടണം. തൊഴിലുറപ്പ് തൊഴിലാളികൾ, ക്ഷീര കർഷകർ, വയലുകളിൽ പണിയെടുക്കുന്നവർ, റോഡ്, തോട് കനാൽ, കുളങ്ങൾ, വെള്ളക്കെട്ടുകൾ എന്നിവ വൃത്തിയാക്കുന്നവർ, തുടങ്ങി ജലവുമായി സമ്പർക്കത്തിൽ ഏർപ്പെട്ട ജോലി ചെയ്യുന്നവർ തുടങ്ങിയവർ ജാഗ്രത പാലിക്കണം. ഈ വിഭാഗത്തിൽപ്പെടുന്നവർ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശപ്രകാരം ആഴ്ചയിലൊരിക്കൽ 200 മില്ലിഗ്രാം ഡോക്സിസൈക്ലിൻ ഭക്ഷണത്തിനുശേഷം കഴിക്കണം

ജോലിസ്ഥലത്ത് കൈയുറ, കാലുറ എന്നിവ ധരിക്കണം. കുട്ടികൾ മലിനജലത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്.

# രാജ്യത്തെ ആനകളുടെയും കടുവകളുടെയും ദേശീയതല കണക്കെടുപ്പ് സംയുക്തമായി നടത്തും

ന്യൂഡൽഹി : 2022 ൽ നടത്തുന്ന, ആനകളുടെയും കടുവകളുടെയും ദേശീയതല കണക്കെടുപ്പിൽ പാലിക്കേണ്ട പ്രവർത്തന ചട്ടങ്ങൾ പരിസ്ഥിതിവനംകാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ ചുമതലയുള്ള കേന്ദ്രമന്ത്രി ശ്രീ ഭൂപേന്ദർ യാദവ് ഇന്ന് പുറത്തിറക്കി. ഇതാദ്യമായാണ് ആനകളുടെയും കടുവകളുടെ കണക്കെടുപ്പ് മന്ത്രാലയം സംയുക്തമായി നടത്തുന്നത്. ലോക ആന ദിനത്തോട് അനുബന്ധിച്ചാണ് പ്രവർത്തന ചട്ടം ഇന്ന് പുറത്തിറക്കിയത്.

ആനകളുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശീയരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ചടങ്ങിൽ സംസാരിക്കവെ കേന്ദ്ര പരിസ്ഥിതി മന്ത്രി എടുത്തുപറഞ്ഞു. താഴെ തട്ടിൽ ഉള്ളവർക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന നടപടികളാണ് ഇനി ആവശ്യമെന്നും, ഇത് ജനങ്ങളും ആനകളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന് സഹായകരമാകുമെന്നും കേന്ദ്രമന്ത്രി പ്രതീക്ഷ പ്രകടിപ്പിച്ചു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നടത്തുന്ന കണക്കെടുപ്പ് രീതികൾ കൂടുതൽ ശാസ്ത്രീയവത്കരിക്കുകയും , മെച്ചപ്പെടുത്തുകയും, സന്തുലിതം ആക്കുകയും ചെയ്യേണ്ടതുണ്ടെന്നും ശ്രീ യാദവ് അഭിപ്രായപ്പെട്ടു.

ആനകളെ സംരക്ഷിക്കുക എന്നത് വനങ്ങളെ സംരക്ഷിക്കുകയാണ് എന്നും, അത് മുഴുവൻ ആവാസവ്യവസ്ഥയെ തന്നെ സംരക്ഷിക്കുമെന്നും ചടങ്ങിനെ അഭിസംബോധന ചെയ്യവേ മന്ത്രാലയത്തിന്റെ ചുമതലയുള്ള കേന്ദ്ര സഹമന്ത്രി ശ്രീ അശ്വിനി കുമാർ ചൗബേ അഭിപ്രായപ്പെട്ടു.

മന്ത്രാലയത്തിന് കീഴിലെ ആനകളുടെ ചുമതലയുള്ള വകുപ്പ്, മൂന്നു മാസത്തിലൊരിക്കൽ പുറത്തിറക്കുന്ന ന്യൂസ് ലെറ്റർ, 'ട്രമ്ഫെറ്റിന്റെ' ('ഠൃൗാുലേ') നാലാം പതിപ്പ് ഇരു മന്ത്രിമാരും ചേർന്ന് പുറത്തിറക്കി. സംസ്ഥാന വനം വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ രാജ്യത്തുടനീളം നടന്ന സംരക്ഷണ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ചെറുപ്പക്കാരുടെ 25 സഹകരണ സംഘങ്ങൾ രണ്ടാഴ്ചയ്ക്കകം

ചെറുപ്പക്കാരുടെ 25 സഹകരണ സംഘങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഉദ്ഘാടനം ചെയ്യുമെന്ന് സഹകരണ മന്ത്രി വി. എൻ. വാസവൻ പറഞ്ഞു. കേരളത്തിൽ ആദ്യമായാണ് ഇത്തരം ഒരു സംരംഭം. മുഖ്യമന്ത്രിയുടെ നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിരുന്ന പദ്ധതിയാണ് യാഥാർത്ഥ്യമാകുന്നത്. നെൽകർഷകർക്കായി റൈസ് മില്ലുകൾ ഉൾപ്പെട്ട സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചു. ഉൽപ്പാദനം, സംഭരണം, വിതരണം മേഖലകളിലായാണ് സംഘങ്ങളുടെ പ്രവർത്തനം. കലാകാരൻമാരുടെ സഹകരണ സംഘം ആഗസ്റ്റിൽ പ്രവർത്തനം ആരംഭിക്കും. സംസ്ഥാനത്തെ കലാകാരൻമാർക്ക് മികച്ച പിന്തുണ നൽകുന്നതാണ് സംഘം. സർജ്ജിക്കൽ ആവശ്യത്തിനുള്ള ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 12 വനിതാ സഹകരണ സംഘങ്ങളും ഈ മാസം പ്രവർത്തനം ആരംഭിക്കും.

# കാർഷിക സർവകലാശാല വീഡ് വൈപ്പറിന് ഇന്ത്യൻ പേറ്റന്റ്

തൃശൂർ: കേരളത്തിലെ നെൽപാടങ്ങളിലെ പ്രശ്നകാരിയായ വരിനെല്ലിനെ നിയന്ത്രിക്കുവാൻ കേരള കാർഷിക സർവകലാശാല രൂപകൽപന ചെയ്ത കെഎയു വീഡ് വൈപ്പറിന് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. നെൽപ്പാടങ്ങളിൽ വരിനെല്ലിന്റെ കതിരുകളെ മാത്രമായി കരിച്ചു കളയുവാൻ ഉപയോഗിക്കാവുന്ന ഈ ഉപകരണം 2014 ൽ ആണ് ഇന്ത്യൻ പേറ്റന്റിനായി സമർപ്പിച്ചത്. മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞയായ ഡോ. നിമ്മി ജോസിന്റെ ഗവേഷണ പഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഈ ഉപകരണം എംഎസ് റെയ്ഡ്കോ കേരള ലിമിറ്റഡ് ആണ് മാർക്കറ്റിൽ എത്തിക്കുന്നത്.

നെല്ലും വരിനെല്ലും ഒരേ ജനുസിൽപ്പെട്ടതും ബാഹ്യഘടനയിൽ കാര്യമായ വ്യത്യാസമില്ലാത്തതും ആയതിനാൽ സാധാരണ രീതിയിലുള്ള കളനിയന്ത്രണ മാർഗങ്ങൾ വരിനെല്ലിനെതിരെ ഫലപ്രദമല്ല. വരിനെല്ലിന്റെ ആധിക്യം നെല്ലിന്റെ വിളവിനെ 4070% വരെ ബാധിക്കുന്നു. നെല്ലിനേക്കാൾ മൂന്നാഴ്ച മുമ്പ് വരിനെല്ല് കതിരിടുമ്പോൾ (വിതച്ച് 5560 ദിവസം) നെല്ലും വരിനെല്ലും തമ്മിൽ ആറ് ഇഞ്ച് മുതൽ ഒരടിവരെ ഉയര വ്യത്യാസം കാണും. ഈ വ്യത്യാസം മുതലാക്കി ഈ ഉപകരണത്തിലൂടെ കളനാശിനികൾ വരികതിരുകളിൽ മാത്രമായി പ്രയോഗിച്ച് അവയെ കരിച്ചു കളയുവാൻ കഴിയും. കളനാശിനി മണ്ണിൽ വീഴാത്തതു കൊണ്ടും പെട്ടെന്നു വരിക്കതിരുകളെ മാത്രമായി കരിച്ചു കളയാം എന്നുള്ളതുകൊണ്ടും ഈ രീതി കർഷകരിൽ പ്രചാരം കൂടി വരുന്നുണ്ട്. കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ ഏകോപിത കള നിയന്ത്രണ പദ്ധതിയുടെ മുൻ മേധാവി ഡോ. സിടി എബ്രഹാമിന്റെ മേൽനോട്ടത്തിൽ നടത്തിയ പഠനത്തിൽ വരിനെല്ലിനെതിരെ സംയോജിത നിയന്ത്രണ മാർഗങ്ങളും കണ്ടെത്തിയിട്ടുണ്ട്.

# 54.04 കോടി വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

ന്യൂഡൽഹി: രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

എല്ലാവർക്കും കോവിഡ് 19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21 നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു. രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ് 19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും. ഇതുവരെ എല്ലാ സ്രോതസ്സുകളിൽ നിന്നും 54.04 കോടിയിൽ അധികം (54,04,78,610) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും/കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി. കൂടാതെ, 1,09,83,510 ഡോസുകൾ കൂടി കേന്ദ്രം ഉടൻ കൈമാറും. ഇതിൽ പാഴായതുൾപ്പെടെ 52,00,96,418 ഡോസാണ് മൊത്തം ഉപഭോഗമായി കണക്കാക്കുന്നത് (ഇന്ന് രാവിലെ എട്ട് മണി വരെയുള്ള കണക്കുകൾ പ്രകാരം).

2.55 കോടിയിലധികം (2,55,54,533) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും സ്വകാര്യ ആശുപത്രികളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

## ഉത്സവബത്തയും കോവിഡ് ധനസഹായവും വിതരണം ചെയ്യും

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്ന് പുതുക്കിയ നിരക്കിൽ ഓണക്കാല ഉൽസവബത്തയും, കോവിഡ്കാല അധിക ധനസഹായവും വിതരണം ചെയ്യാൻ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ.വാസവൻ നിർദ്ദേശം നൽകി. ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപ നിരക്കിലാണ് ഓണക്കാല ഉൽസവബത്ത കഴിഞ്ഞ വർഷം വിതരണം ചെയ്തിരുന്നത്. ഈ തുകയിൽ 1,000 രൂപയുടെ വർദ്ധനവ് വരുത്തി 3,000 രൂപ ഓണക്കാല ഉൽസവബത്തയായി വിതരണം ചെയ്യുന്നതിനാണ് മന്ത്രി നിർദ്ദേശം നൽകിയത്. ഏകദേശം 6000ത്തോളം സജീവ ക്ഷേമനിധി അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അടിയന്തിര സാഹചര്യങ്ങളിൽ അംഗങ്ങൾക്ക് മൂവായിരം രൂപ വരെ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ പ്രത്യേക ധനസഹായം വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം കോവിഡ് പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ അംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 1,000 രൂപയുടെ അടിയന്തിര സഹായമെന്ന നിലയിൽ 2,000 രൂപ കൂടി പ്രത്യേക ധനസഹായമായി വിതരണം ചെയ്യുന്നതിനും മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

# ഗസ്നി വീണു; താലിബാൻ ഭീകരർ കാബൂളിനടുത്ത്



കാബൂൾ: ഗസ്നി പ്രവിശ്യയുടെ തലസ്ഥാനമായ ഗസ്നി നഗരം താലിബാൻ ഭീകരർ പിടിച്ചെടുത്തു. ഒരാഴ്ചയ്ക്കിടെ താലിബാനു കീഴടങ്ങുന്ന പത്താമത്തെ പ്രവിശ്യാ തലസ്ഥാനമാണിത്. താലിബാൻ ഇനി കാബൂളിനെ ലക്ഷ്യംവയ്ക്കുമെന്ന് അനുമാനിക്കപ്പെടുന്നു.

രാജ്യതലസ്ഥാനമായ കാബൂളിൽനിന്ന് 150 കിലോമീറ്റർ മാത്രം അകലത്തിലാണു ഗസ്നി. ഇവിടത്തെ വിജയം താലിബാനു തന്ത്രപരമായി ഏറെ മുൻതൂക്കം നല്കുന്നതാണ്. കിഴക്ക് കാബൂളിനെയും തെക്ക് കാണ്ഡഹാറിനെയും ബന്ധിപ്പിക്കുന്ന ഒന്നാം നമ്പർ ഹൈവേ കടന്നുപോകുന്നതും ഗസ്നിയിലൂടെയാണ്.

പരാജയത്തിനു പിന്നാലെ പലായനം ചെയ്ത ഗസ്നി ഗവർണറെയും ഡെപ്യൂട്ടിയെയും അഫ്ഗാൻ സുരക്ഷാസേന അറസ്റ്റ് ചെയ്തു.

സർക്കാർ സൈന്യത്തെ അതിവേഗം കീഴടക്കി മുന്നേറുന്ന താലിബാൻ ഭീകരർ രാജ്യത്തിൻറെ മൂന്നിൽ രണ്ടു പ്രദേശങ്ങളും അധീനതയിലാക്കിക്കഴിഞ്ഞു. തെക്കൻ നഗരങ്ങളായ കാണ്ഡഹാറും ലഷ്കർഗാഹും കീഴടക്കാനായി ഉഗ്രപോരാട്ടത്തിലാണവർ. വടക്കുകിഴക്കൻ അഫ്ഗാനിസ്ഥാനിൽ ബാൾക്ക് പ്രവിശ്യ ഒഴികെയുള്ള സ്ഥലങ്ങൾ താലിബാൻറെ നിയന്ത്രണത്തിലാണ്. മസാറി ഷെരീഫ് നഗരം ഉൾപ്പെടുന്ന ബാൾക്ക്, യുദ്ധപ്രഭുക്കന്മാരുടെ സഹായത്തോടെ നിലനിർത്താനുള്ള ശ്രമത്തിലാണ് സർക്കാർ.

ഒരു മാസത്തിനിടെ അഫ്ഗാനിസ്ഥാനിൽ ആയിരത്തിലധികം സിവിലിയന്മാർ കൊല്ലപ്പെട്ടതായി ഐക്യരാഷ്ട്രസഭ അറിയിച്ചു. താലിബാൻ നിയന്ത്രിത പ്രദേശങ്ങളിലെ ജനങ്ങൾ കാബൂളിലേക്കു പലായനം ചെയ്യുന്നതു തുടരുന്നു. കൈയിൽ കിട്ടിയതുമെടുത്ത് കുടുംബത്തോടൊപ്പം ഓടിപ്പോയവർ താത്കാലിക കൂടാരങ്ങളിൽ ദുരിതം നിറഞ്ഞ സ്ഥിതിയിലാണ്.

താലിബാൻ ഭരണം പിടിച്ചാൽ അഫ്ഗാനിസ്ഥാനു സഹായധനം നല്കുന്നത് നിർത്തുമെന്ന് ജർമനി. അഫ്ഗാനിസ്ഥാന് ഏറ്റവും കൂടുതൽ സഹായം നല്കുന്ന രാജ്യങ്ങളിലൊന്നാണ് ജർമനി. വർഷം 50.4 കോടി ഡോളറാണു നല്കുന്നത്.

അന്താരാഷ്ട്രസഹായം കൂടാതെ രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകാനാകില്ലെന്ന ബോധ്യം താലിബാനുണ്ടെന്ന് ജർമൻ വിദേശകാര്യമന്ത്രി ഹെയ്കോ മാസ് പറഞ്ഞു. അഫ്ഗാൻ പിടിച്ചെടുത്ത് കാലിഫേറ്റാക്കി ഷെരിയ നിയമം നടപ്പാക്കിയാൽ ഒരു ചില്ലിപോലും ജർമനിയിൽനിന്നു ലഭിക്കില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# അരുവിക്കര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് പ്രവേശനം

ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലുള്ള അരുവിക്കര സർക്കാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗിലെ രണ്ട് വർഷത്തെ ഫാഷൻ ഡിസൈനിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോമും പ്രോസ്പക്ടസും www.si-tttr-k-er-a-l-a.a-c.il ൽ നിന്ന് ഡൗൺലോഡ് ചെയ്യാം. അപേക്ഷ, സ്വയം സാക്ഷ്യപ്പെടുത്തിയ നിർദിഷ്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, രജിസ്ട്രേഷൻ ഫീസ് 25 രൂപ എന്നിവ സഹിതം സ്ഥാപനത്തിൽ ആഗസ്റ്റ് 31ന് വൈകിട്ട് നാലിനുള്ളിൽ നൽകണം. സെപ്റ്റംബർ മൂന്നിന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 22ന് ക്ലാസ്സുകൾ ആരംഭിക്കും. അപേക്ഷാ സമർപ്പണത്തിനും പ്രവേശന പ്രക്രിയയിലും കോവിഡ് 19 പ്രോട്ടോകോൾ കർശനമായി പാലിക്കണം.

എസ്.എസ്.എൽ.സി.യാണ് അടിസ്ഥാന യോഗ്യത. ഉയർന്ന പ്രായപരിധിയില്ല. കോഴ്സിൽ പ്രധാനമായും വസ്ത്ര നിർമ്മാണം, അലങ്കാരം, രൂപ കല്പന, വിപണനം എന്നീ മേഖലകളിൽ ശാസ്ത്രീയമായ പരിശീലനം നൽകും. പരമ്പരാഗത വസ്ത്ര നിർമ്മാണത്തോടൊപ്പം കമ്പ്യൂട്ടർ അധിഷ്ഠിത ഫാഷൻഡിസൈനിംഗിലും പ്രാവീണ്യം ലഭിക്കും. ആറാഴ്ച നീണ്ടു നിൽക്കുന്ന ഇൻഡസ്ട്രി ഇന്റേൺഷിപ്പ്, വ്യക്തിത്വമികവും ഇംഗ്ലീഷ് ഭാഷാനൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനവും നൽകും.

ഈ കോഴ്സ് നടത്തുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും വിവരം www.d-te-k-er-a-l-a.gov.in, www.si-tttr-k-er-a-l-a.a-c.in എന്നീ വെബ്സൈറ്റുകളിൽ 'കിശേൗേശീി & ഇീൗൃലെ' എന്ന ലിങ്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 9074141036, 9895543647.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.